നം.കെ.എസ്.എ.പി.റ്റി.എ.പി**5/ 1376/2018** തീയതി**: 24.10.2018**

പത്തനംതിട്ട ജില്ലയിലെ നാരങ്ങാനം ഗ്രാമപഞ്ചായത്തിന്റെ **2017-18** സാമ്പത്തിക വർഷത്തെ വരവ്**-**ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട് **(1994-**ലെ കേരള പഞ്ചായത്ത് രാജ് നിയമം **215(4) -** വകുപ്പ്**, 1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം **13-**ാം വകുപ്പ്**, 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്**)**

ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

നാരങ്ങാനം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവ് ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റ് ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഗ്രാമപഞ്ചായത്ത് 22.06.17 മുതൽ 31.8.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണ കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണക്കുറിപ്പിന്മേലുള്ള മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ. ഹബീബ് മുഹമ്മദ്,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 27.9.2018 മുതൽ **9.10.2018** വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം | ശ്രീ. ജോർജ്ജ് പി മാത്യു, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ. അരുൺ എസ് നായർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ഷൈജു വൈ, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ഹരികുമാർ എസ്, ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ. ശ്രീകാന്ത് കളരിയ്ക്കൽ | 1.4.2017 മുതൽ 29.10.2017 വരെ |
| ശ്രീമതി അമ്പിളി ഹരിദാസ് (പ്രസിഡന്റിന്റെ അധിക ചുമതല) | 30.10.2017 മുതൽ 16.11.2017 വരെ |
| ശ്രീ. കടമ്മനിട്ട കരുണാകരൻ | 17.11.2017 മുതൽ 31.3.2018 വരെ |

വൈസ് പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി അമ്പിളി ഹരിദാസ് | 1.4.2017 മുതൽ 31.3.2018 വരെ |

സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ

| | |
|---|---|
| ശ്രീ. കെ. ജി. സുരേഷ്കുമാർ (വികസനം) | 1.4.2017 മുതൽ 31.3.2018 വരെ |
| ശ്രീമതി പൊന്നമ്മ മാത്യു (വിദ്യാഭ്യാസം-ആരോഗ്യം) | 1.4.2017 മുതൽ 31.3.2018 വരെ |
| ശ്രീമതി ജെസ്സി മാത്യു (ക്ഷേമകാര്യം) | 1.4.2017 മുതൽ 31.3.2018 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ. ഡി അനിൽകുമാർ | 1.4.2017 മുതൽ 31.3.2018 വരെ |

മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| | |
|---|---|
| കൃഷി ഓഫീസർ | |
| ശ്രീമതി ധന്യ എ. | 1.4.2017 മുതൽ 31.3.2018 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | |
| ഡോ. ശ്രുതി സുധാകർ കെ. | 1.4.2017 മുതൽ 31.3.2018 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | |
| ഡോ. ഗാന്ധിമതി | 1.4.2017 മുതൽ 31.3.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | |
| ഡോ. സൂസൻ ജോൺ കെ. | 1.4.2017 മുതൽ 31.3.2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | |
| ശ്രീമതി സരിത എസ്. | 1.4.2017 മുതൽ 31.3.2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | |
| ശ്രീമതി പ്രമീള എസ്. | 1.4.2017 മുതൽ 31.3.2018 വരെ |
| ശ്രീ. മുഹമ്മദ് ആസിഫ് | 1.4.2017 മുതൽ 31.3.2018 വരെ |
| വെറ്ററിനറി സർജൻ | |
| ഡോ. അനിൽ കെ. | 1.4.2017 മുതൽ 31.3.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | |
| ശ്രീമതി അനിത എൻ. | 1.4.2017 മുതൽ 31.3.2018 വരെ |
| ഹെഡ് മിസ്ട്രസ്സ് | |
| ശ്രീമതി സജി എസ്. | 1.4.2017 മുതൽ 31.3.2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | |
| ശ്രീമതി അനുമോൾ ആർ. | 1.4.2017 മുതൽ 31.3.2018 വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെകൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം **1:** പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം **2:** വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം **3:** ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ , മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം **4:** ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധം

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ്- 2017-18
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്- 2017-18
4. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്- 2017-18

സൂചിക


| *ക്രമ നം.* | *വിഷയം* | *ഖണ്ഡിക നം.* |
|---|---|---|
| | ഭാഗം **1:** പൊതു അവലോകനം | |
| 1 | ബഡ്ജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയുടെ സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |

| | | |
|---|---|---|
| | | |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| | ഭാഗം **2:** വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 13 | കാത്തലിക് ചർച്ച് ഓഡിറ്റോറിയം നിർമ്മാണം - റഗുലറൈസേഷൻ നടത്തിയതിലും വസ്തുനികുതി നിർണ്ണയത്തിലും അപാകതകൾ | 2-1 |
| 14 | വാണിജ്യാവശ്യത്തിനുള്ള 100m2-ന് മുകളിലുള്ള കെട്ടിടങ്ങൾ വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചു - ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം | 2-2 |
| 15 | പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിലെയും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-3 |
| 16 | ടെണ്ടർ ഫീസ് ഈടാക്കാൻ നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല | 2-4 |
| | ഭാഗം **3:** ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 17 | അനർഹനായ വ്യക്തിയ്ക്ക് ആനുകൂല്യം നൽകി | 3-1 |
| 18 | ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ച് വേതനം നൽകി | 3-2 |
| 19 | കടമ്മനിട്ട ഗവ.എൽ.പി.സ്കൂൾ കുട്ടികൾക്ക് പ്രഭാത ഭക്ഷണം - ക്വട്ടേഷൻ ക്ഷണിക്കാതെ പാത്രങ്ങൾ വാങ്ങി നൽകി | 3-3 |

| | | |
|---|---|---|
| | | |
| 20 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണീച്ചർ നൽകൽ - സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചില്ല. | 3-4 |
| 21 | തോന്ന്യാമല അംഗൻവാടി മെയിന്റനൻസ്- അപാകതകൾ | 3-5 |
| 22 | ലൈബ്രറിക്കെട്ടിടം പ്രവർത്തനക്ഷമമാക്കിയിട്ടില്ല | 3-6 |
| 23 | ആയുർവ്വേദമരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നതിൽ അപാകത | 3-7 |
| 24 | ഒ.ഡി.എഫ് പദ്ധതി- ശുചിത്വമിഷനിൽ നിന്നും തിരികെ ലഭിച്ച തുക ചെലവഴിച്ചില്ല | 3-8 |
| 25 | ശുചിത്വ ഗ്രാമം പദ്ധതി യാഥാർത്ഥ്യമായില്ല | 3-9 |
| 26 | EMS ഭവനപദ്ധതി- വീട്ടു നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളിൽ നിന്നും നൽകിയ തുക തിരികെ ഈടാക്കണം | 3-10 |
| 27 | തെരുവ് വിളക്കുകൾക്ക് അറ്റകുറ്റപ്പണി- പദ്ധതി നടത്തിപ്പിന്റെ രേഖകൾ പൂർണ്ണമല്ല | 3-11 |
| 28 | രേഖകൾ ഹാജരാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു | 3-12 |
| 29 | ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നടപടികൾ റിക്കാർഡ് റൂം സജ്ജീകരിച്ചതിൽ ഒതുങ്ങി | 3-13 |
| 30 | മരുന്നു വാങ്ങൽ പ്രോജക്ടുകൾ - മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല | 3-14 |
| 31 | പൊതുടാപ്പുകളുടെ വെള്ളക്കരം- ഗ്രാമപഞ്ചായത്ത് തനത് ഫണ്ട് ദുർവ്യയം ചെയ്യുന്നു | 3-15 |
| 32 | എഗ്രിമെന്റ് വെച്ച് പൂർത്തീകരിക്കാത്ത പ്രവൃത്തികൾ | 3-16 |
| 33 | ഡെപ്പോസിറ്റ് പ്രവൃത്തികൾ - വാട്ടർ അതോറിറ്റിയിൽ തുക അവശേഷിക്കുന്നു | 3-17 |
| 34 | 46 ശതമാനം പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പാക്കിയിട്ടില്ല- ചെലവുശതമാനം 48മാത്രം | 3-18 |

| | | |
|---|---|---|
| | | |
| 35 | മരാമത്ത് പ്രവൃത്തികൾ ഗുണമേന്മാ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല | 3-19 |
| 36 | കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കിയില്ല – റോഡുകളുടെ മുഴുവൻ നീളവും പുനരുദ്ധരിക്കുന്നതിന് പദ്ധതി നടപ്പിലാക്കുന്നില്ല | 3-20 |
| 37 | ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹിക്കുന്ന പ്രവർത്തികളുടെ ഫയലിൽ അപാകത തുടരുന്നു. | 3-21 |
| 38 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി- റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്ക് മെറ്റീരിയൽസ് വാങ്ങൽ– ടെണ്ടർ നടപടികളിലെ അപാകതകൾ | 3-22 |
| | ഭാഗം **4:** ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും | |
| 39 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും | 4-1 |
| 40 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ | 4-2 |
| 41 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |
| 42 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 43 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 44 | ഓഡിറ്റ് റിക്കവറി | 4-6 |
| 45 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 46 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 47 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

2017-18വർഷത്തെ ബഡ്ജറ്റ് 25.3.2017-ൽ ധനകാര്യ സ്ഥിരം സമിതിയിൽ അവതരിപ്പിക്കുകയും ഭരണസമിതിയുടെ 28.3.2017-ലെ 1- ാം നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും ചെയ്തു. റിവൈസഡ് ബഡ്ജറ്റ് 14.3.2018-ൽ അംഗീകരിച്ചു. ബഡ്ജറ്റ് പ്രകാരവും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഇനം | പ്രതീക്ഷിച്ചത് (ബഡ്ജറ്റ് പ്രകാരം) | യഥാർത്ഥത്തിൽ ഉള്ളത് (വാർഷിക കണക്ക് പ്രകാരം) | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 3968036 | 9234834 | 5266798 | |
| വരവ് | 105083500 | 38469317 | | 66614183 |
| ആകെ | 109051536 | 47704151 | | 61347385 |
| ചെലവ് | 102498500 | 41620105 | | 60878395 |
| നീക്കിയിരിപ്പ് | 6553036 | 6084046 | | 468990 |

യഥാർത്ഥ തുകകളിൽ നിന്നും ഭീമമായ അന്തരമാണുള്ളതെന്ന് മേൽപറഞ്ഞ കണക്കുകൾ വ്യക്തമാക്കുന്നു. പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതി കണക്കിലെടുക്കാതെയാണ് ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്. ഫണ്ടുകളിലെ യഥാർത്ഥ നീക്കിയിരിപ്പ് തുകകൾ പരിഗണിക്കാതെയാണ് ബജറ്റ് തയ്യാറാക്കുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാണ്. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി (അപാകത പരിഹരിച്ച് ലഭ്യമാക്കിയത്) |
|---|---|---|
| 2017-18 | 31.7.2018 | 14.6.2018 |

## 1-3 വാർഷിക ധനകാര്യപത്രികയുടെ സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

`2017-18 വർഷത്തെ വാർഷിക ധനകാര്യപത്രികയ്ക്ക് 13.7.2018-ലെ കെഎസ്എ. പിറ്റിഎ. പി5-735/18നമ്പർ വിശേഷണങ്ങളോടുകൂടിയ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. ഇതിൽ സൂചിപ്പിച്ച അപാകതകളിൽ പരിഹരിക്കാൻ അവശേഷിക്കുന്ന അപാകതകൾ ഖണ്ഡിക 1-12-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 9234834 |
| വരവ് | 38469317 |
| ആകെ | 47704151 |
| ചെലവ് | 41620105 |
| നീക്കിയിരിപ്പ് | 6084046 |

## 1-5 ഫണ്ട് വിനിയോഗം

| | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | - | 10034000 | 10034000 | 7415450 | 2618550 |
| വികസന ഫണ്ട് (എസ്.സി.പി) | - | 3954584 | 3954584 | 2977484 | 977100 |
| വികസന ഫണ്ട് (റ്റി.എസ്.പി) | - | 436823 | 436823 | 132662 | 304161 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | - | 7482000 | 7482000 | 4954956 | 2527044 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | - | 2591000 | 2591000 | 1817666 | 773334 |
| ധനകാര്യ കമ്മീഷൻ അവാർഡ് | - | 4712049 | 4712049 | 3771285 | 940764 |
| തൊഴിലുറപ്പ് പദ്ധതി | 1000 | 520937 | 521937 | 520937 | 1000 |
| തനത് ഫണ്ട് (ബാങ്ക്) | 5795391 | 4897839 | 10693230 | 4890250 | 5802980 |

| | | | | | |
|---|---|---|---|---|---|
| തനത് ഫണ്ട് (ട്രഷറി) | 3373532 | 6455000 | 9828532 | 9703291 | 125241 |
| ട്രഷറി ജോയിന്റ് വെൻച്വർ | - | 1023771 | 1023771 | 1023048 | 723 |
| ഇ-പേയ്മെന്റ് അക്കൗണ്ട് | - | 24897 | 24897 | - | 24897 |

## 1-6 <u>പദ്ധതി അവലോകനം</u>

ഓഡിറ്റ് വർഷത്തിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ചെലവഴിച്ച തുക | നടപ്പാക്കാത്തവ | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 2017-18 | 161 | 41338039 | 109 | 24606326 | 52 | 59.52 |

| *വികസന മേഖല* | *അംഗീകരിച്ച പ്രോജക്ടുകൾ* | | *നടപ്പാക്കിയ പ്രോജക്ടുകൾ* | | |
|---|---|---|---|---|---|
| | *എണ്ണം* | *അടങ്കൽ തുക* | *എണ്ണം* | *ചെലവ് തുക* | *ചെലവ് ശതമാനം* |
| ഉല്പാദനം | 23 | 6018885 | 17 | 3696800 | 61.42 |
| സേവനം | 56 | 17468667 | 43 | 11695269 | 66.95 |
| പശ്ചാത്തലം | 82 | 17850487 | 49 | 9214257 | 51.62 |
| ആകെ | **161** | **41338039** | **109** | **24606326** | **59.52** |

| *നിർവ്വഹണ ഉദ്യോഗസ്ഥൻ* | *ആവിഷ്കരിച്ച പദ്ധതികൾ* | *നടപ്പാക്കിയ പദ്ധതികൾ* | *വകയിരുത്തിയ തുക* | *ചെലവഴിച്ച തുക* | *ചെലവ് ശതമാനം* |
|---|---|---|---|---|---|
| സെക്രട്ടറി | 15 | 11 | 2761485 | 2368180 | 85.76 |
| അസിസ്റ്റന്റ് സെക്രട്ടറി | 9 | 7 | 3889539 | 782000 | 20.11 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 92 | 49 | 19091266 | 9176222 | 48.07 |

| | | | | | |
|---|---|---|---|---|---|
| വി.ഇ.ഒ | 10 | 9 | 5654864 | 4578988 | 80.97 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 5 | 5 | 1340000 | 1247257 | 93.08 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 222000 | 222000 | 100 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 1 | 1 | 350000 | 350000 | 100 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 3 | 1950000 | 1567059 | 80.36 |
| കൃഷി ഓഫീസർ | 8 | 8 | 2958385 | 1751000 | 59.19 |
| വെറ്ററിനറി സർജൻ | 7 | 7 | 1510500 | 1100800 | 72.88 |
| എച്ച്.എം, ഗവ. എൽപിഎസ് | 6 | 6 | 765000 | 617820 | 80.76 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 845000 | 845000 | 100 |
| ആകെ | **161** | **109** | **41338039** | **24606326** | **59.52** |

## 1-7 തൊഴിലുറപ്പ് പദ്ധതി

| *ഇനം* | *മുന്നിരിപ്പ്* | *വരവ്* | *ആകെ* | *ചെലവ്* | *നീക്കിയിരിപ്പ്* |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1000 | 520937 | 521937 | 520937 | 1000 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 4787517 | 4787517 | 4787517 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

| പെൻഷൻ ഇനം | ഗുണഭോക്താക്കളുടെ എണ്ണം | പെൻഷൻ ഇനത്തിലെ ചെലവ് |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 191 | 3280555 |
| ദേശീയ വാർദ്ധക്യകാല പെൻഷൻ | 829 | 7543975 |
| വികലാംഗ പെൻഷൻ | 186 | 1202705 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 12 | 49455 |
| വിധവാ പെൻഷൻ | 447 | 2658205 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.9.2018-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 2831/- (രണ്ടായിരത്തി എണ്ണൂറ്റി മുപ്പത്തി ഒന്ന് രൂപ മാത്രം) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

**1.** പൊതുനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തരനിയന്ത്രണ സംവിധാനം തൃപ്തികരമല്ല. പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഐ.എസ്.ഓ സർട്ടിഫിക്കേഷൻ നേടുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ റെക്കോർഡ് റൂം നിർമ്മാണത്തിൽ മാത്രം ഒതുങ്ങി. ഓഫീസ് ഉത്തരവു പ്രകാരം ജീവനക്കാരുടെ ചുമതലകൾ കൃത്യമായി വിഭജിച്ചു നൽകുകയും, ഓഫീസ് പ്രവർത്തനങ്ങൾ സുഗമമായി നടക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ കൃത്യമായി എഴുതുകയോ, ഫയലുകളുടെ തീർപ്പാക്കൽ സൂപ്പർവൈസറി ഉദ്യോഗസ്ഥർ പരിശോധിക്കുകയോ ചെയ്യുന്നില്ല.

**2.** അക്കൗണ്ടിംഗ് സംവിധാനം

ഓഡിറ്റ് വർഷത്തിൽ വരവ്-ചെലവു കണക്കുകൾ മാസാന്ത്യത്തിലും വർഷാന്ത്യത്തിലും പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. ഓരോ മാസത്തെയും ചെലവുകൾ തൊട്ടടുത്ത മാസം തന്നെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി അംഗീകരിക്കുന്നുണ്ട്. എന്നാൽ നാളിതുവരെ ആർജ്ജിച്ച ആസ്തികളുടെ ശരിയായ മൂല്യം തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തുന്നതിന് നാളിതുവരെ സാധിച്ചിട്ടില്ല.

**3.** രജിസ്റ്ററുകളുടെ പരിപാലനം

രജിസ്റ്ററുകളുടെ പരിപാലനം പൊതുവെ തൃപ്തികരമാണെങ്കിലും, പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ട് വർഷങ്ങളായി. 2014വർഷം വരെയുള്ള വിവരങ്ങളേ ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ. ഈ വിഷയം ഓഡിറ്റിൽ നിരവധി തവണ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണെങ്കിലും അലംഭാവം തുടരുന്നു. 26-7-11-ലെ

ജി.ഓ(എം.എസ്)152/11/ ത.സ്വ.ഭ.വ- ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ആസ്തികളുടെ കൃത്യമായ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

**4.** ദുരിതാശ്വാസ നിധി

കേരളാ പഞ്ചായത്ത് രാജ് ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന പ്രകാരം ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല. അടിയന്തിര സന്ദർഭങ്ങളിൽ അർഹരായവർക്ക് സഹായം നൽകുന്നതിന് ഇപ്രകാരമൊരു നിധി പ്രയോജനപ്പെടുത്തേണ്ടതാണ്. കലാകായികവിനോദ പരിപാടികളിലൂടെയും സംഭാവന വഴിയും ഇതിനായി ഫണ്ട് സ്വരൂപിക്കാവുന്നതാണ്.

**5.** ജനറൽ കമ്മറ്റി

പഞ്ചായത്ത് കമ്മറ്റിയിൽ പഞ്ചായത്തിന്റെ വികസനപ്രവർത്തങ്ങൾ, പൊതുജനങ്ങൾക്കുള്ള വിവിധ സേവനങ്ങൾ ലഭ്യമാക്കൽ മുതലായ വിവിധ വിഷയങ്ങളെപ്പറ്റി വിശദമായ ചർച്ചകൾ നടക്കുന്നുണ്ട്. എന്നാൽ പല തീരുമാനങ്ങളും പ്രാവർത്തികമാക്കാൻ ഇച്ഛാശക്തി കാണിച്ചിട്ടില്ല. താഴെ പറയുന്ന വിഷയങ്ങൾ ഇതിന് ഉദാഹരണമാണ്.

| തീരുമാനം നം., തീയതി | വിഷയം | അപാകത |
|---|---|---|
| 1(2)/4.5.17 | കടമ്മനിട്ട പകൽവീട് നിർമ്മാണം- പഴകിയതും പൊളിഞ്ഞു വീഴാറായതുമായ ഷെഡ്ഡിന്റെ പഴയ സാധനങ്ങൾ ലേലം ചെയ്യുന്നതിന് സർവ്വേ റിപ്പോർട്ട് തയ്യാറാക്കുന്നതിന് അസി.എഞ്ചിനീയറെ ചുമതലപ്പെടുത്തി. | സർവ്വേ റിപ്പോർട്ട് തയ്യാറാക്കുകയോ ലേലം ചെയ്ത് മുതൽ കൂട്ടുകയോ ചെയ്തിട്ടില്ല. |
| 2(3)/20.5.17 | പൊതുടാപ്പുകൾ- പ്രവർത്തനരഹിതമായ ടാപ്പുകളുടെ ലിസ്റ്റ് തയ്യാറാക്കുന്നതിന് ജനപ്രതിനിധികളെ ചുമതലപ്പെടുത്തി. | ലിസ്റ്റ് തയ്യാറാക്കുകയോ വാട്ടർചാർജ് കുറയ്ക്കാൻ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. |
| 4(21)/ 19.8.17 | ആസ്തിരജിസ്റ്റർ അപ്ഡേറ്റ് ചെയ്യുന്നതിന് അസി.എഞ്ചിനീയറെ ചുമതലപ്പെടുത്തി. | രജിസ്റ്റർ അപ്ഡേറ്റ് ചെയ്തിട്ട് നാല് വർഷമായി. |
| 3/20.10.17 | ഹരിതകർമ്മസേന രൂപീകരിക്കുന്നതിന് തീരുമാനിച്ചു. | ഹരിതകർമ്മസേന രൂപീകരിച്ചുവെങ്കിലും |

| | | |
|---|---|---|
| | | തുടർപ്രവർത്തനങ്ങളൊന്നും നടന്നിട്ടില്ല. |
| 23/1.1.18 | MGS ഡിസ്പെൻസറിയിലെ പഴയ കട്ടിലുകൾ, മേശ, കസേര എന്നിവ ലേലം ചെയ്യുന്നതിന് എസ്റ്റിമേറ്റ് എടുക്കുന്നതിന് അസി.എഞ്ചിനീയറെ ചുമതലപ്പെടുത്തി. | സർവ്വേ റിപ്പോർട്ട് തയ്യാറാക്കുകയോ ലേലം ചെയ്ത് മുതൽ കൂട്ടുകയോ ചെയ്തിട്ടില്ല. |
| 4(2)/ 24.2.18 | പാലിയേറ്റീവ് കെയർ പദ്ധതിയ്ക്ക് എസ്.ബി.ഐ പത്തനംതിട്ട റീജിയൻ സൗജന്യമായി വാഹനം നൽകാമെന്ന് അറിയിച്ചു. | വാഹനം ലഭ്യമാക്കാൻ തുടർനടപടികൾ സ്വീകരിച്ചില്ല. |

**6.** സ്റ്റാന്റിംഗ് കമ്മറ്റികളുടെ പ്രവർത്തനം

ഗ്രാമപഞ്ചായത്തിലെ സ്റ്റാന്റിംഗ് കമ്മറ്റികൾ എല്ലാ മാസവും കൃത്യമായി യോഗം ചേരുന്നുണ്ടെങ്കിലും, തങ്ങളുടെ ചുമതലയിൽ പെടുന്ന വിഷയങ്ങളിൽ ഗൗരവമായ ശ്രദ്ധ ചെലുത്തുന്നില്ല എന്ന് മിനിറ്റ്സിൽ നിന്ന് വ്യക്തമാകുന്നു. ക്രിയാത്മകമായ ചർച്ചകളോ അവലോകനമോ സ്റ്റാന്റിംഗ് കമ്മറ്റിയുടെ യോഗങ്ങളിൽ ഉണ്ടാകുന്നില്ല.

(എ) ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി

എല്ലാ മാസവും കൃത്യമായി യോഗം ചേർന്ന് മുൻമാസ വരവ്-ചെലവ് കണക്കുകൾ അംഗീകരിക്കുന്നുണ്ട്. വാട്ടർചാർജ്ജ് പോലുള്ള അമിതമായ ചെലവുകൾ നിയന്ത്രിക്കാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. പൊതുടാപ്പുകളുടെ കൃത്യമായ കണക്കുകൾ വാട്ടർ അതോറിറ്റി അധികാരികളുമായി ചേർന്ന് തയ്യാറാക്കുന്നതിനും വാട്ടർചാർജ് കുറയ്ക്കുന്നതിനും നടപടികൾ സ്വീകരിക്കാൻ സ്റ്റാന്റിംഗ് കമ്മറ്റി ശ്രദ്ധ ചെലുത്തേണ്ടതാണ്.

(ബി) വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി

പശ്ചാത്തല മേഖലയുടെ വികസനത്തിനായി ഗ്രാമപഞ്ചായത്തിൽ അനേകം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. എന്നാൽ മിക്ക പ്രൊജക്ടുകളും സമയബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ സ്പിൽ ഓവർ പ്രൊജക്ടുകളുടെ എണ്ണം കൂടുന്നു. സ്റ്റാന്റിംഗ് കമ്മറ്റിയുടെ ഭാഗത്തുനിന്നും ശക്തമായ ഇടപെടൽ ഈ വിഷയത്തിൽ ഉണ്ടായതായി മനസ്സിലാക്കാൻ സാധിച്ചിട്ടില്ല. കൂടാതെ ആസ്തികളുടെ വിവരങ്ങൾ ആസ്തിരജിസ്റ്ററിൽ ചേർക്കുന്നതിനും കാലികമാക്കുന്നതിനും കമ്മറ്റി തീരുമാനമെടുത്തിട്ടുണ്ടെങ്കിലും ഫലപ്രദമായ നടപടികൾ സ്വീകരിക്കാത്തതിനാൽ വർഷങ്ങളായി അപ്ഡേഷൻ നടന്നിട്ടില്ല. പുതിയതായി ആർജ്ജിക്കുന്ന ആസ്തികൾ ഗ്രാമപഞ്ചായത്തിന്റെ ആസ്തിരജിസ്റ്ററിൽ ചേർത്ത് സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കാത്തത് സ്റ്റാന്റിംഗ് കമ്മറ്റിയുടേയും ഭരണസമിതിയുടേയും ഭാഗത്തുള്ള ഗുരുതര വീഴ്ചയായി ഓഡിറ്റിൽ വിലയിരുത്തുന്നു. മാലിന്യനിർമ്മാർജ്ജനത്തിനായി ബൃഹത്തായ പദ്ധതി (ശുചിത്വഗ്രാമം പദ്ധതി) ആവിഷ്കരിച്ചു എങ്കിലും നടപ്പാക്കിയില്ല എന്നത് വലിയ പാളിച്ചയാണ്.മേൽപ്പറഞ്ഞ വിഷയങ്ങളിൽ സ്റ്റാന്റിംഗ് കമ്മറ്റി പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

(സി) <u>ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി</u>

കമ്മറ്റിയോഗങ്ങളിൽ വിവിധ പെൻഷൻ അനുവാദവും ലിസ്റ്റും മാത്രമാണ് പ്രധാന വിഷയമായി ഉൾപ്പെടുത്തിയിരിക്കുന്നത്. മറ്റ് സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ, അംഗൻവാടികളുടെ പ്രവർത്തനം, പാലിയേറ്റീവ് കെയർ ഉൾപ്പെടെയുള്ള വയോജനങ്ങൾക്കുള്ള പ്രൊജക്ടുകൾ എന്നിവയൊന്നും അവലോകനം ചെയ്യുകയോ തുടർനടപടികൾക്ക് പ്രാധാന്യം നൽകുകയോ ചെയ്യുന്നില്ല. ബജറ്റ് നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയ്ക്ക് നൽകാറുമില്ല.സ്റ്റാന്റിംഗ് കമ്മിറ്റി കൂടുതൽ കാര്യക്ഷമമായ രീതിയിൽ ഇടപെടുവാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

(ഡി) <u>ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി</u>

ആശുപത്രികളുടെ അടിസ്ഥാന സൗകര്യം, ലൈബ്രറിയുടെ പ്രവർത്തനം, ഖരമാലിന്യ നിർമ്മാർജ്ജനം, വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് എസ്.എസ്.എ-യുടെ പ്രവർത്തനങ്ങൾ എന്നീ വിഷയങ്ങളിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തിയിട്ടില്ല. ലൈബ്രറിയ്ക്ക് പുതിയകെട്ടിടം നിർമ്മിച്ചിട്ട് രണ്ട് വർഷമായിട്ടും പ്രവർത്തനം ആരംഭിക്കാൻ സാധിച്ചിട്ടില്ല. മേൽ വിഷയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ ലക്ഷ്യപ്രാപ്തിയിൽ എത്തിക്കുവാൻ സ്റ്റാന്റിംഗ് കമ്മറ്റി താൽപ്പര്യം കാണിച്ചിട്ടില്ല. ബജറ്റ് നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയ്ക്ക് നൽകിയിട്ടില്ല.മേൽപ്പറഞ്ഞ വിഷയങ്ങളിൽ കാര്യക്ഷമമായ ഇടപെടൽ ഉണ്ടാകാൻ ശ്രദ്ധിക്കേണ്ടതാണ്.

**7.** <u>ഗ്രാമസഭ</u>

എല്ലാ വാർഡിലും ഓഡിറ്റ് വർഷം നാല് പ്രാവശ്യം ഗ്രാമസഭ വിളിച്ചുകൂട്ടിയതായി മിനിറ്റ്സ് ബുക്കിൽ കാണുന്നു. എന്നാൽ വാർഡിന്റെ പൊതുവായ വികസനത്തിന് സഹായകരമാകുന്ന യാതൊരു ചർച്ചകളും തീരുമാനങ്ങളും ഗ്രാമസഭയിൽ ഉണ്ടാകുന്നില്ല എന്ന് വ്യക്തമാണ്.

**8.** <u>വർക്കിംഗ് ഗ്രൂപ്പുകൾ</u>

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല എന്ന് മിനിറ്റ്സ് ബുക്കിൽ നിന്നും വ്യക്തമാകുന്നു. ഭാവിയെ ലക്ഷ്യം വെച്ചുകൊണ്ടുള്ള നൂതന പ്രൊജക്ടുകളൊന്നും തന്നെ തൻവർഷം ആവിഷ്കരിച്ചിട്ടില്ല. എല്ലാ വർഷവും സ്ഥിരമായി നടപ്പാക്കുന്ന പ്രൊജക്ടുകൾ തന്നെയാണ് വീണ്ടും വീണ്ടും ആവിഷ്ക്കരിക്കുന്നത്. പഞ്ചായത്തിൽ നിയമാനുസൃതമുള്ള പന്ത്രണ്ട് വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകൾ പൂർണ്ണമായി നിഷ്ക്രീയമാണ്. ഓഡിറ്റിന് ലഭ്യമാക്കിയ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്ട്സ് പരിശോധിച്ചതിൽ നിന്നും കേവലം പേരിന് മാത്രമാണ് യോഗം കൂടുന്നത്. 2017-18 വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട 4.3.17, 11.4.17 എന്നീ തീയതികളിലാണ് യോഗം ചേർന്നിട്ടുള്ളത്. ഒരു വർക്കിംഗ് ഗ്രൂപ്പിലെ എല്ലാ അംഗങ്ങളും പങ്കടുത്ത ഒരു യോഗം പോലും ഇല്ല. പഞ്ചായത്തിന് ലഭിക്കുന്ന പദ്ധതിപ്പണത്തിന്റെ ഏറ്റവും വലിയ ശതമാനം ചെയവഴിക്കുന്ന മേഖലയായ പൊതുമരാമത്തുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് തൻവർഷം യോഗം കൂടിയിട്ടില്ല. പൊതുഭരണവും,ധനകാര്യവും, സദ്ഭരണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ മിനിട്ട്സ് രേഖപ്പെടുത്തിയിട്ടില്ല. കൃഷിയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന് മാത്രമാണ് മിനിട്ട്സ് പൂർണ്ണമായി രേഖപ്പെടുത്തിയിട്ടുള്ളൂ. വർക്കിംഗ് ഗ്രൂപ്പിൽ നിന്നും ഉയർന്ന വന്ന ആശയങ്ങൾ വർക്കിംഗ് ഗ്രൂപ്പുമായി ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥയുടെ മാത്രമാണ്. ഈ ആശയങ്ങളിൽ പലതും പദ്ധതി രൂപീകരണത്തിൽ പ്രതിഫലിക്കപ്പെട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ മേൽ നിയന്ത്രണമുള്ള സ്റ്റാന്റിംഗ് കമ്മിറ്റികൾ ഈ വിഷയത്തിൽ ഉദാസീനമായ സമീപനമാണ് കൈക്കൊണ്ടിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പുകൾ പൂർണ്ണമായി പ്രവർത്തനസജ്ജമാകുകയും പഞ്ചായത്തിന്റെ പദ്ധതി രൂപീകരണ, നിർവ്വഹണ പ്രക്രിയയിൽ മുഖ്യ പങ്ക് വഹിക്കുകയും ചെയ്യേണ്ടതാണ്.__പ്രൊജക്ടുകളുടെ കൃത്യമായ മോണിറ്ററിംഗ് നടക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കണം എന്നുള്ള സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കുന്നില്ല.

## 1-11 <u>മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം</u>

| *ഓഡിറ്റ്* | *അവസാനം ഓഡിറ്റ് നടത്തിയ തീയതി* | *ഓഡിറ്റ് കാലയളവ്* | *റിപ്പോർട്ട് ലഭിച്ച തീയതി* |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.7.2018 | 6/2018 | 21.7.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 1.7.2016- 18.7.16 | 2011-12 മുതൽ 2015-16 വരെ | 19.9.2016 |

## 1-12 <u>വാർഷിക കണക്കിലെ അപാകതകൾ</u>

2017-18 വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ടതും പരിഹരിക്കാത്തതുമായ അപാകതകൾ ചുവടെ കൊടുക്കുന്നു.

1.വസ്തു നികുതിയുടെ ഡിമാന്റ്, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്വെയറിലെ തുകകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

2. ആസ്തി രജിസ്റ്റർ അപ്ഡേറ്റ് ചെയ്യുകയോ, 16.07.11-ലെ ജി.ഓ.(എം.എസ്)നം.152/11/തസ്വഭവ – നമ്പർ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ആസ്തികളുടെ അക്കൌണ്ടിംഗ് നടത്തുകയോ ചെയ്തിട്ടില്ല.

പ്രസ്തുത അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കാത്തലിക് ചർച്ച് ഓഡിറ്റോറിയം നിർമ്മാണം - റഗുലറൈസേഷൻ നടത്തിയതിലും വസ്തുനികുതി നിർണ്ണയത്തിലും അപാകതകൾ

കടമ്മനിട്ട സെന്റ് ജോൺസ് കാത്തലിക് ചർച്ച് ഓഡിറ്റോറിയം നിർമ്മാണം ക്രമവൽക്കരണം നടത്തിയതിലും ,ക്രമവൽക്കരണ ഫീസ് ഈടാക്കിയതിലും കെട്ടിടത്തിന് നമ്പരിട്ട് നൽകിയതിലും ഗുരുതരമായ അപാകതകൾ ഉണ്ടായിട്ടുണ്ട്. വിശദമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**1)** കെട്ടിടം ക്രമവൽക്കരിച്ചതിൽ അപാകത

2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ,ചട്ടം 57 പ്രകാരം 1000 ച.മീറ്ററിൽ കവിയുന്ന കെട്ടിടങ്ങളുടെ ലേഔട്ടിനും പ്ലോട്ടിന്റെ ഉപയോഗത്തിനും വേണ്ടി മുഖ്യ ടൗൺപ്ലാനറിൽ നിന്നും അനുമതി നേടേണ്ടതാണ്. ചട്ടം 57(8) പ്രകാരം ഓഡിറ്റോറിയങ്ങളുടെ നിർമ്മാണത്തിന് അത് എത്ര നിലകൾ തന്നെയായാലും അഗ്നിശമനസേനാ ഡയറക്ടറിൽ നിന്നോ അദ്ദേഹം ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥനിൽ നിന്നോ അനുമതി വാങ്ങേണ്ടതാണ്. കൂടാതെ ചട്ടം 57(12) പ്രകാരം ഭക്ഷണം പാകം ചെയ്യാനും കഴിക്കുന്നതിനുമുള്ള സജ്ജീകരണങ്ങളുള്ള ഓഡിറ്റോറിയങ്ങളിൽ ഖര-ദ്രവ മാലിന്യങ്ങളുടെ ശേഖരണത്തിനും പുറന്തള്ളലിനും ആവശ്യമായ സജ്ജീകരണങ്ങൾ ഉണ്ടെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതുമാണ്.

കടമ്മനിട്ട സെന്റ് ജോൺസ് കാത്തലിക് ചർച്ച് അധികാരികൾ നാരങ്ങാനം ഗ്രാമപഞ്ചായത്ത് സെക്രട്ടറി, പത്തനംതിട്ട ടൗൺ പ്ലാനർ എന്നിവർ മുഖേന സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ ചീഫ് ടൗൺ പ്ലാനറുടെ 18-03-2017 ലെ സി3/1685/2017-ാം നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എട്ട് നിബന്ധനകൾക്ക് വിധേയമായി കെട്ടിടത്തിന്റെ ലേഔട്ടിനും സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവായിരുന്നു. സർവ്വെ നമ്പർ 330/8-ൽപ്പെട്ട 1709.13 ച.മീ വിസ്തീർണ്ണത്തിൽ ഓഡിറ്റോറിയം ,34ച.മീ വിസ്തീർണ്ണത്തിൽ ടോയ് ലെറ്റ് ബ്ലോക്ക് എന്നിവയുടെ നിർമ്മാണത്തിനാണ് ഇപ്രകാരം നിബന്ധനകൾക്ക് വിധേയമായി അംഗീകാരം ലഭിച്ചത്. പ്രധാനപ്പെട്ട നിബന്ധനകൾ ചുവടെ ചേർക്കുന്നു.

1) നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി ഉറപ്പുവരുത്തേണ്ടതാണ്.

2) നിർമ്മാണം കെ.പി.ബി.ആർ 2011-നും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.

3) ഖര-ദ്രവ മാലിന്യങ്ങൾ സംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കണം.

4) നിർദ്ദിഷ്ട ടോയ് ലെറ്റ് ബ്ലോക്ക് റോഡിൽ നിന്നും 3 മീറ്റർ മാറ്റി സ്ഥാപിക്കണം.

5) ചട്ടപ്രകാരമുള്ള പാർക്കിംഗ് ലഭ്യമാണെന്നും ആയത് പ്രായോഗികമാണെന്നും ഉറപ്പാക്കേണ്ടതാണ്.

എന്നാൽ മുഖ്യടൗൺ പ്ലാനർ ചൂണ്ടിക്കാട്ടിയ മുകളിൽ പറഞ്ഞ നിബന്ധനകൾ പാലിച്ചുവെന്ന് ഉറപ്പുവരുത്താതെ കെട്ടിടനിർമ്മാണം റഗുലറൈസ് ചെയ്യുകയാണ് ഉണ്ടായിട്ടുള്ളത്. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ-2011 റൂൾ 135 പ്രകാരം ക്രമവൽക്കരിക്കുന്നതിന് അപേക്ഷ നൽകുമ്പോൾ ഒരു പുതിയ കെട്ടിട പെർമിറ്റിന് വേണ്ടിയുള്ള അപേക്ഷയുടെ കാര്യത്തിലെന്ന പോലെ പ്ലോട്ടിന്റെ ഉടമസ്ഥാവകാശത്തിന്റെ പ്രമാണ തെളിവും സൈറ്റ് പ്ലാനും എലിവേഷനും കെട്ടിട പ്ലാനും സർവ്വീസ് പ്ലാനും പാർക്കിംഗ് ആവശ്യമായ കെട്ടിടങ്ങളുടെ പാർക്കിംഗ് പ്ലാനും സമർപ്പിക്കേണ്ടതാണ്. കൂടാതെ ടി അപേക്ഷയിന്മേൽ സാങ്കേതിക വിഭാഗം പരിശോധന നടത്തി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കണം കെട്ടിടം റഗുലറൈസ് ചെയ്ത് നൽകേണ്ടത്.

തദ്ദേശസ്വയംഭരണവകുപ്പിന്റെ 15-06-2013-ലെ 32131/ആർ.എ1/2012/ത.സ്വ.ഭ.വ ഉത്തരവിൽ ടി വിവരം വ്യക്തമാക്കിയിട്ടുണ്ട്.

കെട്ടിടനിർമ്മാണം റഗുലറൈസ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പ്രധാനപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) കെട്ടിടം റഗുലറൈസ് ചെയ്ത് നൽകുന്നതിന് കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ-2011 റൂൾ 135 പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

2) കെട്ടിട നിർമ്മാണത്തിന് അഗ്നിശമന സേനാ വകുപ്പിൽ നിന്നുമുള്ള അനുമതി വാങ്ങിയിട്ടില്ല.

3)ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ ഖര-ദ്രവ മാലിന്യങ്ങളുടെ സംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയതായി കണ്ടില്ല.

4) നിർദ്ദിഷ്ട ടോയ്ലെറ്റ് ബ്ലോക്ക്, റോഡിൽ നിന്നും 3 മീറ്റർ മാറ്റി സ്ഥാപിക്കണം എന്ന നിബന്ധന പാലിച്ചിട്ടില്ല.

5) ഓഡിറ്റോറിയത്തിന് ചുറ്റും ആവശ്യമായ പാർക്കിംഗ് സൗകര്യം ഉറപ്പവരുത്തിയിട്ടില്ല.

6) കെട്ടിടത്തിന് പെർമിറ്റ് നൽകാതെ ഏത് സാഹചര്യത്തിലാണ് റഗുലറൈസ് ചെയ്ത് നൽകിയതെന്ന് വ്യക്തമല്ല.

7)കെട്ടിടം റഗുലറൈസ് ചെയ്ത് നൽകിയതിന്റെ വിവരങ്ങൾ പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

8)കെട്ടിടം റഗുലറൈസ് ചെയ്ത് നൽകുന്നതിന് മുൻപായി മുഖ്യടൗൺ പ്ലാനർ ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ച് കാത്തലിക് ചർച്ച് അധികാരികൾ അപേക്ഷ നൽകിയിട്ടില്ല.

9)കെട്ടിടം റഗുലറൈസ് ചെയ്ത് നൽകുന്നതിന് മുൻപായി മുഖ്യടൗൺ പ്ലാനർ ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ചതായി സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരോ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോ ഫീൽഡ് സ്റ്റാഫോ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

10) കെട്ടിടം റഗുലറൈസ് ചെയ്ത് നൽകിയതിന് ആവശ്യമായ ഫീസ് ഈടാക്കിയിട്ടില്ല.

11) കെട്ടിടം നമ്പരിട്ട് ഒക്കുപ്പൻസി നൽകിയപ്പോൾ വസ്തുനികുതി നിർണ്ണയിച്ചതിൽ ചട്ട പ്രകാരമുള്ള നിബന്ധനകൾ പാലിച്ചിട്ടില്ല.

12)ചട്ടം 137 പ്രകാരം സെക്രട്ടറി ക്രമവൽക്കരണം ഒരു ലിഖിത ഉത്തരവിലൂടെയാണ് നൽകേണ്ടത്. ക്രമവൽക്കരണഫീസ് ഈടാക്കിയതല്ലാതെ ഇപ്രകാരമുള്ള ഒരു ലിഖിത ഉത്തരവ് നൽകിയിട്ടില്ല.

മുകളിൽ ചൂണ്ടിക്കാട്ടിയ അപാകതകളിൽ നിന്നും വ്യക്തമാകുന്നത് ഓഡിറ്റോറിയം നിർമ്മാണം ക്രമവൽക്കരണം നടത്തിയതിൽ ഗുരുതരമായ ചട്ടലംഘനം ഉണ്ടായിട്ടുണ്ടെന്നാണ്. ആയതിനാൽ ടി വിഷയത്തിൽ ഭരണതലത്തിൽ ഒരു സമഗ്രമായ അന്വേഷണത്തിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു. അന്വേഷണ റിപ്പോർട്ടിൻമേൽ സ്വീകരിക്കുന്ന നടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

**2)** <u>റഗുലറൈസേഷൻ ഫീ ഈടാക്കിയതിൽ കുറവ്</u>

1709.13 ച.മീ വിസ്തീർണ്ണമുള്ള കാത്തലിക് ചർച്ച് ഓഡിറ്റോറിയം റഗുലറൈസ് ചെയ്ത് നൽകിയതിന് ചട്ടപ്രകാരമുള്ള ഫീസ് ഈടാക്കിയിട്ടില്ല. പെർമിറ്റ് ഫീ ഈടാക്കാത്ത സംഗതിയായതിനാൽ പെർമിറ്റ് ഫീയും രാജിയാക്കൽ ഫീസ് ഇനത്തിൽ പ്രാബല്യത്തിലുള്ള പെർമിറ്റ് ഫീസിന്റെ ഇരട്ടിയുമാണ് ഈടാക്കേണ്ടതാണ്. പെർമിറ്റെടുക്കാതെ പൂർണ്ണമായും ക്രമവൽക്കരിക്കുന്ന കേസുകളിൽ രാജിയാക്കൽ ഫീസും പെർമിറ്റ് ഫീസും ഈടാക്കണമെന്ന് തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ് സെക്രട്ടറിയുടെ 229813/ആർ.ഡി2/16/ത.സ്വ.ഭ.വ നമ്പർ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. റഗുലറൈസേഷൻ ഫീ ഇനത്തിൽ 09-08-2017-ലെ രസീത് നം-11702012410-ാം നമ്പർ രസീത് പ്രകാരം 6408 രൂപയാണ് ഈടാക്കിയത്. ഗ്രാമപഞ്ചായത്തിൽ നോൺ റസിഡൻഷ്യൽ കെട്ടിടങ്ങളുടെ നിർമ്മാണത്തിന് പ്രാബല്യത്തിലുള്ള പെർമിറ്റ് ഫീ 5 രൂപയാണ്. ഇത് പ്രകാരം പ്രസ്തുത കെട്ടിടം ക്രമവൽക്കരിച്ച് നൽകിയതിന് 25637 രൂപ (1709.13 x 15= 25637രൂപ)ഈടാക്കണമായിരുന്നു. 19229 രൂപ അധികമായി ക്രമവൽക്കരണ ഫീസ് ഇനത്തിൽ ഈടാക്കാൻ അവശേഷിക്കുന്നു. ടി തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**3)** <u>വസ്തുനികുതി നിർണ്ണയത്തിൽ അപാകത</u>

1709.13 ച.മീ വിസ്തീർണ്ണമുള്ള കാത്തലിക് ചർച്ച് ഓഡിറ്റോറിയത്തിന് ച.മീറ്ററിന് 40 രൂപ നിരക്കിൽ വസ്തുനികുതിയിനത്തിൽ 68360 രൂപയാണ് 2017-18 ആദ്യ അർദ്ധവർഷം മുതൽ നിർണ്ണയിച്ചത്. നിർണ്ണയിച്ച

വസ്തുനികുതിയിൽ 50% ഇളവ് (മേഖലയുടെ അടിസ്ഥാനത്തിൽ 20%, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 20%, മേൽക്കൂരയുടെ അടിസ്ഥാനത്തിൽ 10% ഉൾപ്പെടെ 50%)അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ 34180 രൂപയായി വാർഷിക വസ്തുനികുതി കുറഞ്ഞു. കടമ്മനിട്ട- കല്ലേലി റോഡിൽ നിന്നും 150 മീറ്റർ ദൂരത്തിനുള്ളിലാണ് ടി ഓഡിറ്റോറിയം സ്ഥിതിചെയ്യുന്നതെന്ന് ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. കടമ്മനിട്ട- കല്ലേലി റോഡിന്റെ ഇരുവശവും 200 മീ വരെയുള്ള പ്രദേശം പ്രാഥമിക മേഖലയിൽ ഉൾപ്പെട്ട പ്രദേശമാണെന്നാണ് പഞ്ചായത്ത് നോട്ടിഫൈ ചെയ്തിട്ടുള്ളത്. ആയതിനാൽ മേഖലയുടെ അടിസ്ഥാനത്തിലുള്ള 20% ഇളവിന് അർഹതയില്ല. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ചട്ടം 37 പ്രകാരം 1500 ന് മുകളിൽ 6000 വരെ ച.മീ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ കെട്ടിടത്തിലേക്ക് പ്രവേശനം നൽകുന്ന റോഡിന് ചുരുങ്ങിയത് 5 മീറ്ററെങ്കിലും വീതി ഉണ്ടായിരിക്കണം. എന്നാൽ ഇവിടെ 1.5 മീറ്ററിൽ താഴെ വീതിയുള്ള റോഡാണെന്ന് കാണിച്ചാണ് വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള 20% ഇളവ് നൽകിയിരിക്കുന്നത്. ചട്ടപ്രകാരം തന്നെ 1.5 മീറ്ററിൽ താഴെയുള്ള റോഡിന് സമീപം 1709.13 ച.മീ വിസ്തീർണ്ണമുള്ള ഒരു കെട്ടിടം അനുവദനീയമല്ല. ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിലും 5 മീറ്ററോളം വീതിയുള്ള റോഡാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. നമ്പരിംഗിനായി ഫീൽഡ് സ്റ്റാഫ് തയ്യാറാക്കിയ അന്വേഷണ റിപ്പോർട്ടിനോടൊപ്പമുള്ള ഫാറം 6-ലും 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡാണെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 20% ഇളവ് നൽകിയതും അനുവദനീയമല്ല. എന്നാൽ കെട്ടിടത്തിന്റെ മേൽക്കൂര ഷീറ്റാണെന്ന് ഭൗതികപരിശോധനയിൽ ബോധ്യപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ മേൽക്കൂരയുടെ അടിസ്ഥാനത്തിലുള്ള 10% ഇളവിന് അർഹതയുണ്ട്.

പ്രസ്തുത സാഹചര്യത്തിൽ ഓഡിറ്റോറിയത്തിന് വസ്തുനികുതിയിനത്തിൽ ഗ്രാമപഞ്ചായത്ത് അനുവദിച്ച് നൽകിയ ഇളവ് 50 % എന്നത് ഒഴിവാക്കി 10% എന്നാക്കി നിജപ്പെടുത്തേണ്ടതും വസ്തുനികുതി ക്രമപ്പെടുത്തേണ്ടതുമാണ്. ഇത് പ്രകാരം അടിസ്ഥാന വസ്തുനികുതിയായ 68360 രൂപയിൽ 6836 രൂപ (10% ഇളവ്) കുറച്ച് 61524 രൂപ എന്നാക്കി വസ്തു നികുതി പുതുക്കി നിശ്ചയിക്കേണ്ടതാണ്. അടിസ്ഥാന വസ്തുനികുതിയിൻമേൽ തെറ്റായി ഇളവ് കണക്കാക്കിയതിനാൽ 2017-18 വർഷം വസ്തുനികുതിയിനത്തിൽ 27344 രൂപ ഗ്രാമപഞ്ചായത്തിന് നഷ്ടം ഉണ്ടായിട്ടുണ്ട്. ടി നഷ്ടം ഉത്തരവാദികളിൽ നിന്നും ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നം15/08-10-2018) മറുപടി ലഭ്യമാക്കുകയുണ്ടായില്ല. ടി വിഷയത്തിൽ ഉണ്ടായ അപാകതകൾ സംബന്ധിച്ച് വകുപ്പുതല അന്വേഷണം നടത്തി തുടർനടപടികൾ സ്വീകരിക്കുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 2-2 <u>വാണിജ്യാവശ്യത്തിനുള്ള **100m2-**ന് മുകളിലുള്ള കെട്ടിടങ്ങൾ വിഭജിച്ച് വസ്തു നികുതി നിർണ്ണയിച്ചു - ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം</u>

ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി സംബന്ധിച്ച വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയർ മുഖേന പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ചും, ശരിയായ ഉപയോഗക്രമത്തിലല്ലാതെയും വസ്തുനികുതി നിർണ്ണയിക്കുന്നതു മൂലം നികുതിയിൽ വലിയ കുറവുണ്ടായിട്ടുണ്ടെന്നു ശ്രദ്ധയിൽപ്പെട്ടു.2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവ ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്' എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്. അതായത് 100/200 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ചത് 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതാണ്.

തദ്ദേശ സ്വയംഭരണ (ആർ.ഡി)വകുപ്പിന്റെ 14-01-11ലെ സർക്കാർ ഉത്തരവ് (അച്ചടി)19/2011 ത. സ്വ. ഭ. വ. നമ്പർ ഉത്തരവ് പ്രകാരം 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 70/-രൂപയായി പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട് (G6-4982/2011തീ:24.04.2012). വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ് മെന്റ് രജിസറ്ററും, സഞ്ചയസോഫ്റ്റ് വെയറും പരിശോധിച്ചതിൽ 100ചതുരശ്ര മീറ്ററിന് മുകളിലുള്ള

വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഉയർന്ന നിരക്കിൽ നികുതി നിർണയിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉടമസ്ഥന്റെ പേര് | വാർഡ് നമ്പരും കെട്ടിട നമ്പരും | കെട്ടിടത്തിന്റെ വിസ്തീർണ്ണം | നിർണ്ണയിച്ച നികുതി- അർഹതപ്പെട്ട വർദ്ധനവ്/ഇളവ് ഉൾപ്പെടെ (ച.മീറ്ററിന് 50രൂപ നിരക്കിൽ) | നിർണ്ണയിക്കേണ്ട നികുതി- അർഹതപ്പെട്ട വർദ്ധനവ്/ഇളവ് ഉൾപ്പെടെ (ച.മീറ്ററിന് 70രൂപ നിരക്കിൽ) | കുറവ് |
|---|---|---|---|---|---|---|
| **1** | പ്രസീദ കല്ലേലിൽ അന്ത്യാളൻകാവ് | 7/153C | 25.32$m^2$ | 25.32x50=1266+ 253.2 (20 %Road) = 1519 | 25.32x70=1772+ 354(20 %Road) = 2126 | 607 |
| | ,, | 7/153D | 25.32$m^2$ | 25.32x50=1266+ 253.2 (20 %Road) = 1519 | 25.32x70=1772+ 354(20 %Road) = 2126 | 607 |
| | ,, | 7/153E | 25.32 $m^2$ | 25.32x50=1266+ 253.2 (20 %Road) = 1519 | 25.32x70=1772+ 354(20 %Road) = 2126 | 607 |
| | ,, | 7/153F | 25.32 $m^2$ | 25.32x50=1266+ 253.2 (20 %Road) = 1519 | 25.32x70=1772+ 354(20 %Road) = 2126 | 607 |
| | ആകെ | | **101.28$m^2$** | **6076** | **8504** | **2428** |
| **2** | കെ.പി തോമസ് പുത്തൻപറമ്പിൽ കടമ്മനിട്ട | 8/247C | 26.08 $m^2$ | 26.08x50=1304+ 261(20 %Road) = 1565 | 26.08x70=1826+ 365(20 %Road) = 2191 | 626 |
| | ,, | 8/247D | 26.08m2 | 26.08x50=1304+ 261(20 %Road) = 1565 | 26.08x70=1826+ 365(20 %Road) = 2191 | 626 |
| | | 8/247E | 26.08$m^2$ | 26.08x50=1304+ 261(20 %Road) = 1565 | 26.08x70=1826+ 365(20 %Road) = 2191 | 626 |
| | | 8/247F | 26.08$m^2$ | 26.08x50=1304+ 261(20 %Road) = 1565 | 26.08x70=1826+ 365(20 %Road) = 2191 | 626 |
| | ആകെ | | **104.32$m^2$** | **6260** | **8764** | **2504** |

| | | | | | | |
|---|---|---|---|---|---|---|
| **3.** | മുഹമ്മദ് ഹനീഫ ചരിവുകാലായിൽ നാരങ്ങാനം | 5/350A | 36.14 $m^2$ | 36.14x50=1807+ 361(20 %Road) = 2168 | 36.14x70=2530+ 506(20 %Road) = 3036 | 868 |
| | | 5/350B | 36.14 $m^2$ | 36.14x50=1807+ 361(20 %Road) = 2168 | 36.14x70=2530+ 506(20 %Road) = 3036 | 868 |
| | | 5/350C | 31.07 $m^2$ | 31.07x50=1554+ 311 (20 %Road) = 1865 | 31.07x70=2175+ 435(20 %Road) = 2610 | 745 |
| | ആകെ | | **103.35$m^2$** | **6201** | **8682** | **2481** |
| **4** | കെ.ആർ ഗോപാലൻ നായർ കുളഞ്ഞിക്കൊമ്പിൽ നാരങ്ങാനം | 14/403A | 29.97$m^2$ | 29.97x50=1499+ 300(20 %Road)= 1799 | 29.97x70=2098+ 420(20 %Road) = 2518 | 719 |
| | | 14/403B | 33.21$m^2$ | 33.21x50=1661+ 332 (20 %Road) = 1993 | 33.21x70=2325+ 465(20 %Road) = 2790 | 797 |
| | | 14/403C | 29.97$m^2$ | 29.97x50=1499+ 300(20 %Road)= 1799 | 29.97x70=2098+ 420(20 %Road) = 2518 | 719 |
| | | 14/403D | 33.21$m^2$ | 33.21x50=1661+ 332 (20 %Road) = 1993 | 33.21x70=2325+ 465(20 %Road) = 2790 | 797 |
| | ആകെ | | **126.36 $m^2$** | **7584** | **10616** | **3032** |
| | | | | | ആകെ തുക | **10445** |

മുകളിൽ ചൂണ്ടിക്കാട്ടിയ അപാകതയ്ക്ക് അടിയന്തിരമായി ഓഡിറ്റിൽ വിശദീകരണം നൽകണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നം-21/18 തീ 08-10-2018) നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. പ്രസ്തുത സാഹചര്യത്തിൽ ടി കെട്ടിടങ്ങളുടെ വസ്തുനികുതി പുനർ നിർണ്ണയിക്കേണ്ടതും നഷ്ടമായ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ സ്ഥാപനത്തിൽ നിന്നോ ഈടാക്കി മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 2-3 പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിലെയും ജീവനക്കാരിൽനിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ ഓരോ അർദ്ധവർഷവും തുടർച്ചയായോ അല്ലാതെയോ 60-ദിവസമെങ്കിലും തൊഴിൽ ചെയ്തിട്ടുള്ളവർ കേരള പഞ്ചായത്ത്രാജ് ആക്ട് സെക്ഷൻ 204(1) പ്രകാരം തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരാണ്. എന്നാൽ നാരങ്ങാനം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിലെയും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | സ്ഥാപനത്തിന്റെ വിവരങ്ങൾ | ഡി&ഒ ലൈസൻസ് |
|---|---|---|

| നം. | | അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | തോന്ന്യാമല ക്ഷീരോല്പാദക സഹകരണ സംഘം | 2 |
| 2 | കടമ്മനിട്ട ക്ഷീരോല്പാദക സഹകരണ സംഘം | 2 |
| 3 | നാരങ്ങാനം ക്ഷീരോല്പാദക സഹകരണ സംഘം | 2 |
| 4 | നിരന്നകാലാപ്പടി ക്ഷീരോല്പാദക സഹകരണ സംഘം | 2 |
| 5 | സുധാ ഹരിശ്ചന്ദ്രൻ, ഹോട്ടൽ സോപാനം, കണമുക്ക്. II/351 | 3 |
| 6 | തോമസ് ജോസഫ്, സ്മോക്ക് ഹൗസ് ഇൻഡസ്ട്രീസ്, 7/196A | 4 |
| 7 | തോമസ് മാത്യു, മഡോണ കാറ്ററിംഗ്, 6/216A | 5 |
| 8 | ഷിജി എം., തമ്പുരാൻ കാലായിൽ ട്രേഡ് ലിങ്ക്സ്, നാരങ്ങാനം, 2/247 | 8 |
| 9 | ജോൺ എം.ജോർജ്ജ്, സെന്റ്.മേരീസ് ഹോളോബ്രിക്സ്, 10/394 | 4 |
| 10 | ബിനോജ് കുമാർ എം.ജി, കാട്ടുങ്കൽ ആട്ടോമൊബൈൽസ്, 2/428A | 3 |
| 11 | സന്തോഷ് കുമാർ പി.കെ, സുനിതാകുമാരി.ബി, ഹാർഡ്വേർ & ഇലക്ട്രിക്കൽസ്, 1/392,393 | 4 |
| 12 | മുരളീധരൻ പിള്ള, ശ്രീകാന്ത് ഇൻഡക്ട്രീസ്, 6/307 | 3 |
| 13 | ലക്ഷ്മി അച്യുതൻ, അജന്ത ഹോളോബ്രിക്സ് ഇൻഡക്ട്രീസ്, 7/124 | 5 |
| 14 | മണിലാൽ കെ.പി, അപ്പൂസ് ഹറയിംഗ് സെന്റർ, 1/312A | 3 |
| 15 | എം.എസ്.ശാരുകുമാർ, ശാരു എഞ്ചിനീയറിംഗ് വർക്ക്സ്, 13/276,277 | 4 |

| | | |
|---|---|---|
| 16 | കെ.എസ്.കണ്ണൻ, കെ&കെ ഫ്ലവൽസ്, 3/286 | 3 |

കേരള പഞ്ചായത്ത്‌രാജ് തൊഴിൽ നികുതി ചട്ടങ്ങൾ 1996 ചട്ടം 14-പ്രകാരം സെക്രട്ടറിയ്ക്ക് പഞ്ചായത്ത് പരിധിയുള്ള ഏത് സ്ഥാപനത്തിന്റെയും തൊഴിലുടമയോടും സ്ഥാപനത്തിലെ ജീവനക്കാരുടെ ലിസ്റ്റും വരുമാന വിവരങ്ങളും ആവശ്യപ്പെടാവുന്നതാണ്.ശമ്പളത്തിനോ വേതനത്തിനോ വ്യക്തികളെ ജോലിയ്ക്ക് നിയമിച്ച മുഴുവൻ ഓഫീസുകളുടെയും സ്ഥാപനങ്ങളുടെയും നികുതി അടയ്ക്കാൻ ബാധ്യതരായ വ്യക്തികളുടെയും പേരുവിവരങ്ങൾ അടങ്ങിയ ഒരു രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്.ജീവനക്കാരുടെ ശമ്പളത്തിന്റെ/വരുമാനത്തിന്റെ വിവരങ്ങളടങ്ങിയ പത്രിക ഫോം.1-ൽ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് തൊഴിലുടമകൾക്ക് നോട്ടീസ് നൽകേണ്ടതും ആയതുപ്രകാരം നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരുടെയും നികുതി ചുമത്തി ഈടാക്കുകയും ചെയ്യേണ്ടതാണ്. നോട്ടീസിൽ ആവശ്യപ്പെട്ടിട്ടുള്ള കാര്യങ്ങൾ പാലിക്കുന്നില്ലെങ്കിൽ ചട്ടങ്ങൾ അനുശാസിക്കുന്ന ശിക്ഷാനടപടികൾ സ്വീകരിക്കേണ്ടതാണ്. തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും ആയത് ഈടാക്കാതെയിരുന്നത് പഞ്ചായത്ത് അധികൃതരുടെ ഭാഗത്തു നിന്നുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. പഞ്ചായത്തു പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് നടപടി സ്വീകരിക്കുകയും വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

## 2-4 ടെണ്ടർ ഫീസ് ഈടാക്കാൻ നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വിലയായി (ടെണ്ടർ ഫീസ്) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ മുൻവർഷങ്ങളിൽ ഒടുക്കിയ തുകകൾ പഞ്ചായത്തിന് ലഭ്യമാക്കാൻ നാളിതുവരെയായിട്ടും യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല.

28/9/13-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ ഒടുക്കു വരുത്തുന്നതിനും നിർദ്ദേശിച്ചിരുന്നു. ജി.ഒ(പി)3/2015/ഫിൻ തീ.5/1/15 പ്രകാരം ടെണ്ടർ ഫോറ വില അടങ്കൽ തുകയുടെ 0.2% ആണ്. മുൻവർഷങ്ങളിൽ താഴെപറയുന്ന പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്തുവെങ്കിലും ടെണ്ടർ ഫീസ് ഇനത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട തുകകൾ തിരികെ വാങ്ങാൻ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല.

പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രവൃത്തി | ടെണ്ടർഫീസ് | ആകെ തുക |
|---|---|---|
| S.186/16(SO.7/17)- ലൈബ്രറി കെട്ടിടനിർമ്മാണം | @5250 (4ടെണ്ടറുകൾ-വാറ്റ് ഉൾപ്പെടെ) | 21000 |
| S.127/17- കല്ലേലി ജംഗ്ഷൻ-കുഴിക്കാലാ റോഡ് റീടാറിംഗും ഐറിഷ് ഡ്രെയിനും. | @1800 (2ടെണ്ടറുകൾ) | 3600 |
| S.79/17- കല്ലൂർമുക്ക്-പ്ലാക്കൽ കുടിലുകുഴി റോഡ് റീടാറിംഗ്. | @900 (1ടെണ്ടർ) | 900 |
| S.118/17-ആലുങ്കൽ മുസ്ലീംപള്ളിപ്പടി-നല്ലാനിക്കുന്ന് റോഡ് കലുങ്ക് നിർമ്മാണം | @1800 (3 ടെണ്ടർ) | 5400 |

| | | |
|---|---|---|
| S.179/18-കന്നിട്ടംകുഴി ചേന്നൻചിറ പൂതക്കുഴി റോഡ് സംരക്ഷണഭിത്തി നിർമ്മാണം | @1240 (3ടെണ്ടർ-GSTഉൾപ്പെടെ) | 3720 |
| S.156/18-കന്നിട്ടംകുഴി ഇളവരത്തി കാഞ്ഞിരപ്പാറ റോഡ് സംരക്ഷണ ഭിത്തിയും കോൺക്രീറ്റിംഗും | @1580 (2ടെണ്ടർ-GSTഉൾപ്പെടെ) | 3160 |
| S.114/18-വള്ളിക്കാലാ ജീരകത്തിനാൽ റോഡ് കലുങ്കും സംരക്ഷണഭിത്തിയും | @1240 (1ടെണ്ടർ-GSTഉൾപ്പെടെ) | 1240 |
| S.145/18-ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടനിർമ്മാണം | @2810 (1ടെണ്ടർ-GSTഉൾപ്പെടെ) | 2810 |
| ആകെ | | 41830 |

ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുക ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തിരികെ വാങ്ങാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും ടെണ്ടർ ഫീസ് ഇനത്തിൽ വരവ് വന്ന തുകകൾ പഞ്ചായത്ത് അക്കൗണ്ടിലേക്ക് മുതൽ കൂട്ടേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 അനർഹനായ വ്യക്തിയ്ക്ക് ആനുകൂല്യം നൽകി

| | |
|---|---|
| പ്രോജക്റ്റിന്റെ നമ്പരും പേരും | സമ്പൂർണ്ണ വൈദ്യുതീകരണം- ജനറൽ (06/17-18) |
| വകയിരുത്തിയ തുക | 185000 |
| ചെലവഴിച്ച തുക | 10000 |
| ബിൽ നമ്പരും തീയതിയും | 5000- ബിൽ നം-2 തീ 19-09-2017<br>5000- ബിൽ നം-3 തീ 19-09-2017 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ |

ശ്രീ ബിനു തോമസ്, ആലായിൽ തള്ളാപ്പറമ്പിൽ , നാരങ്ങാനം എന്നയാൾക്ക് ടി പ്രോജക്റ്റ് പ്രകാരം വൈദ്യുതീകരണം നടത്തിയതിന് 5000 രൂപ സബ്സിഡിയായി നൽകി. എന്നാൽ ടിയാൾ വിമുക്തഭടൻ ഉൾപ്പെട്ട കുടുംബത്തിലെ അംഗമാണ്.പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം പെൻഷണർ ഉൾപ്പെട്ട കുടുബത്തിലെ അംഗം സബ്സിഡിക്ക് അർഹനല്ല. ആയതിനാൽ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ആനുകൂല്യം നൽകിയതിന് അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കണമെന്നറിയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-11/18 തീ 05-10-2018) നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടിയിൽ ആനുകൂല്യം കൈപ്പറ്റിയ ശ്രീ ബിനു തോമസും കുടുംബവും താമസിക്കുന്നത് വിമുക്ത ഭടനോടൊപ്പമല്ലായെന്നും വേറെ വീട്ടിലാണെന്നുമാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ പ്രത്യേക റേഷൻ കാർഡോ , സ്വന്തമായുള്ള ഭവനത്തിന്റെ ഉടമസ്ഥാവകാശ രേഖകളോ ഹാജരാക്കാൻ സാധിച്ചിട്ടില്ലാത്തതിനാൽ സബ്സിഡിയായി നൽകിയ തുക തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് നിർദ്ദേശിച്ച രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-2 ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ച് വേതനം നൽകി

2017-18 സാമ്പത്തിക വർഷത്തിൽ അസ്സിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ച ഓവർസിയർമാർക്ക് വേതനം നൽകിയിട്ടുണ്ട്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്താതെ താൽക്കാലികാടിസ്ഥാനത്തിലാണ് ഓവർസിയർമാരെ നിയമിച്ചിട്ടുള്ളത്. നൽകിയ വേതനത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ജീവനക്കാരന്റെ പേരും തസ്തികയും | മാസം | നൽകിയ വേതനം | ചെക്ക് നമ്പരും തീയതിയും |
|---|---|---|---|
| അർച്ചന.സി.പി ഓവർസിയർ | 04/2017 | 3375 | 650252/06-06-2017 |
| | 05/2017 | 11475 | ,, |
| | 05/2017 | 3550 | 438524/11-07-2017 |
| ഷെരീഫ്.ബി ഓവർസിയർ | 06/2017 | 17750 | 438523/11-07-2017 |
| | 07/2017 | 17750 | 636214/09-08-2017 |
| | 09/2017 | 12070 | 368237/09-10-2017 |
| | 10/2017 | 16330 | 729917/02-11-2017 |
| | 11/2017 | 17750 | 729939/01-12-2017 |
| | 12/2017 | 2840 | 729967/01-02-2018 |
| റിഷാനബീഗം ഓവർസിയർ | 08/2017 | 2130 | 368236/09-10-2017 |
| | 09/2017 | 12070 | |
| | 10/2017 | 14910 | 729916/02-11-2017 |
| | 11/2017 | 17750 | 729938/01-12-2017 |
| | 12/2017 | 16330 | 729966/01-01-2018 |
| | 01/2018 | 17750 | 729993/05-02-2018 |
| | 02/2018 | 15620 | 30723/06-03-2018 |
| | ആകെ | **199450** | |

മുകളിൽ ചൂണ്ടിക്കാട്ടിയ പ്രകാരം ജീവനക്കാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ലാതെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ച അപാകതയ്ക്ക് വിശദീകരണം നൽകണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (22/18 തീ 08-10-2018) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്തിൽ രണ്ട് ഓവർസിയർമാരുടെ തസ്തികയാണ് ഉള്ളത്. ഇതിൽ 2015 ജൂൺ മുതൽ ഒരു ഓവർസിയറുടെ തസ്തികയും 2016 ജൂൺ മുതൽ രണ്ട് ഓവർസിയർമാരുടെ തസ്തികയും ഒഴിഞ്ഞുകിടക്കുകയാണ്. പ്രസ്തുത സാഹചര്യത്തിൽ 2015 ഡിസംബറിൽ ഫസ്റ്റ് ഗ്രേഡ് ഓവർസിയറായി ശ്രീമതി റിഷാനാബീഗത്തെ നിയമിച്ചു.2016 വരെ ടിയാളെ 180 ദിവസം പൂർത്തിയായതിന്റെ അടിസ്ഥാനത്തിൽ പിരിച്ചുവിടുകയും ചെയ്തു. തുടർന്ന് ശ്രീമതി റിഷാനാബീഗം 16-06-2016 മുതൽ 27-09-2016 വരെ ദിവസവേതനാടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തു. 27-09-2016 മുതൽ 31-03-2017 വരെ അർച്ചന സി.പി ഫസ്റ്റ് ഗ്രേഡ് ഓഫീസർ തസ്തികയിൽ (എംപ്ലോയ്മെന്റ് മുഖേന) ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തു. കൂടാതെ ശ്രീ ഷെരീഫ്.ബി തേർഡ് ഗ്രേഡ് ഓവർസിയറായി (എംപ്ലോയ്മെന്റ് മുഖേന) 01-11-2016 മുതൽ 30-03-2017 വരെ ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തു.

മുകളിൽ ചൂണ്ടിക്കാട്ടിയ പ്രകാരം വിവിധ കാലയളവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്ത ജീവനക്കാരെ 2017-18 കാലയളവിൽ ദിവസവേതനാടിസ്ഥാനത്തിൽ (പട്ടികയിൽ വിശദാംശങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്) വീണ്ടും ഗ്രാമപഞ്ചായത്തിൽ നിയമിക്കുകയും ശമ്പളമിനത്തിൽ രണ്ടുലക്ഷത്തോളം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ഓവർസിയർമാരുടെ തസ്തിക ഒഴിഞ്ഞുകിടന്ന സാഹചര്യത്തിൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന് മുടക്കം വരാതിരിക്കുന്നതിന് വേണ്ടിയാണ് ഇപ്രകാരം ചെയ്തതെന്നാണ് ഭരണസമിതി അംഗങ്ങൾ എക്സിറ്റ് മീറ്റിംഗിൽ

അറിയിച്ചത്. തദ്ദേശസ്വയം ഭരണ(ഇ.ഡബ്ലിയു) വകുപ്പിന്റെ 23-12-2013-ലെ സ.ഉ (സാധാ) നം-3141/13 /ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ ഓവർസിയർമാരുടെ ഒഴിവ് നിലവിലുള്ള സാഹചര്യത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്നതിന് കാലതാമസം നേരിടുന്ന സാഹചര്യത്തിൽ ഓവർസീയർമാരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കാമെന്നുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഭരണസമിതിയുടെ 19-08-2017-ലെ 13-ാം നമ്പർ തീരുമാനം,29-08-2017-ലെ IV(16)-ാം നമ്പർ തീരുമാനം എന്നിവ പ്രകാരമാണ് ശ്രീ ഷെരീഫ്, ശ്രീമതി റിഷാനബീഗം എന്നിവരെ ഗ്രാമപഞ്ചായത്തിൽ നിയമിച്ചത്.

ഗ്രാമപഞ്ചായത്തിലെ ഓവർസീയർമാരുടെ ഒഴിവ് 2016 ജൂൺ മുതൽ തുടർന്നുവരുന്ന സംഗതിയായതിനാലും മുൻപ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തിയിട്ടുള്ള സാഹചര്യത്തിലും 2017-18 സാമ്പത്തികവർഷത്തിലും ടി നടപടിക്രമങ്ങൾ പാലിക്കാമായിരുന്നു. അപ്രകാരം ചെയ്തിരുന്നുവെങ്കിൽ ദിവസവേതനം ഇനത്തിൽ ചെലവഴിച്ച രണ്ടുലക്ഷത്തോളം രൂപ ഗ്രാമപഞ്ചായത്തിന് ലാഭിക്കാമായിരുന്നു. ഓവർസിയർമാരുടെ ഒഴിവുകൾ രണ്ടു വർഷത്തിലധികം നിലനിന്നിരുന്ന സാഹചര്യത്തിൽ ഒഴിവ് യഥാസമയം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിച്ച് അർഹരായ ഉദ്യോഗാർത്ഥികളിൽ നിന്നും ഇന്റർവ്യൂ നടത്തി നിയമനം നടത്തേണ്ടതായിരുന്നു. ഭരണസമിതി അപ്രകാരം ചെയ്യാതിരുന്നത് മൂലം അർഹരായ ഉദ്യോഗാർത്ഥികൾക്ക് അവസരം ലഭിക്കാതിരിക്കുകയും വേതനമിനത്തിൽ ഗ്രാമപഞ്ചായത്ത് വൻതുക ചെലവഴിക്കുകയും ചെയ്തു.

## 3-3 കടമ്മനിട്ട ഗവ.എൽ.പി.സ്കൂൾ കുട്ടികൾക്ക് പ്രഭാതഭക്ഷണം - ക്വട്ടേഷൻ ക്ഷണിക്കാതെ പാത്രങ്ങൾ വാങ്ങി നൽകി

| | | | |
|---|---|---|---|
| പ്രോജക്ട് നം. | S0030/18 | | |
| വകയിരുത്തിയ തുക | 350000/-(വികസന ഫണ്ട്) | | |
| ചെലവഴിച്ച തുക | ബിൽ നം.04/17-18 തീ:09.10.17 | 39245 (26825+12420) | 204845 |
| | ബിൽ നം.17/17-18 തീ:09.11.17 | 28980 | |
| | ബിൽ നം.19/17-18 തീ:12.01.18 | 30360 | |
| | ബിൽ നം.20/17-18 തീ:12.01.18 | 20700 | |
| | ബിൽ നം.21/17-18 തീ:12.02.18 | 30360 | |
| | ബിൽ നം.22/17-18 തീ:12.03.18 | 27600 | |
| | ബിൽ നം.23/17-18 തീ:28.03.18 | 27600 | |

കടമ്മനിട്ട ഗവ.എൽ.പി.സ്കൂളിലെ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം വിതരണം ചെയ്യുന്നതിന് ഹെഡ്മിസ്ട്രസ് നിർവ്വഹണ ഉദ്യോഗസ്ഥയായി 350000/-രൂപ വകയിരുത്തി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു.പദ്ധതിയ്ക്കായി ടെൻഡർ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ ഒരു കുട്ടിയ്ക്ക് 30/-രൂപ നിരക്കിൽ പ്രഭാതഭക്ഷണം എത്തിച്ചു നൽകുന്നതിന് ശ്രീമതി.രാധാമണി, കയ്യാലയ്ക്കൽ, കടമ്മനിട്ട എന്നയാൾക്ക് കരാർ നൽകിയിരുന്നു. കൂടാതെ പ്രഭാത ഭക്ഷണം തയ്യാറാക്കുന്ന ആവശ്യത്തിലേക്ക് പാത്രങ്ങൾ വാങ്ങുന്നതിന് ബിൽ

നം.04/17-18 തീ:09.10.17 പ്രകാരം 26825/-രൂപ നിർവ്വഹണ ഉദ്യോഗസ്ഥ ചെലവഴിച്ചിട്ടുണ്ട്. ഭക്ഷണം തയ്യാറാക്കി കൊണ്ടുവരികയോ, പാത്രങ്ങൾ എത്തിച്ച് സ്കൂളിൽ വച്ച് ഭക്ഷണം തയ്യാർ ചെയ്യുകയോ ചെയ്യേണ്ടത് കരാർ എടുത്തയാളിന്റെ ഉത്തരവാദിത്തമാണെന്നിരിക്കെ വികസന ഫണ്ടിൽ നിന്നും 26825/-രൂപ ചെലവഴിച്ച് പാത്രങ്ങൾ വാങ്ങി നൽകിയത് അംഗീകരിക്കാനാവില്ല.

ഹിബ മെറ്റൽസ്, പത്തനംതിട്ട എന്ന സ്ഥാപനത്തിൽ നിന്നുമാണ് 20.08.17-ൽ 26825/- രൂപയുടെ പാത്രങ്ങൾ വാങ്ങിയിട്ടുള്ളത്. ആയത് സ്കൂളിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥയുടെ പേരിൽ കരാറുകാരി പാത്രങ്ങൾ വാങ്ങുകയും 09.10.17-ലെ ബിൽ നം.04/17-18 പ്രകാരം കരാറുകാരിയുടെ അക്കൗണ്ടിലേക്ക് തുക അനുവദിച്ച് നൽകുകയുമാണ് ചെയ്തത്(കാഷ് ബില്ലിൽ ഹെഡ്മിസ്ട്രസിന്റെ പേരും ട്രഷറി ബില്ലിനോടൊപ്പമുള്ള പേയ്മെന്റ് വിവരങ്ങളിൽ കരാറുകാരിയുടെ പേരും അക്കൗണ്ട് നമ്പറുമാണ് കാണിച്ചിരിക്കുന്നത്). പാത്രങ്ങൾ വാങ്ങിയത് പ്രൊക്യൂർമെന്റ് മാനുവൽ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാതെയാണ്. 25000/- രൂപയിൽ കൂടുതൽ ചെലവ് വരുന്ന വാങ്ങലുകൾ ലിമിറ്റഡ് ടെൻഡർ മുഖേനയാണ് നടത്തേണ്ടിയിരുന്നത്. ടെൻഡർ നടപടികൾ ഒഴിവാക്കുന്നതിനായി ഒരേ തീയതിയിൽ തുടർച്ചയായ നാല് ഇൻവോയ്സുകളിലായാണ് വാങ്ങൽ നടത്തിയിട്ടുള്ളത്.ആയത് ശരിയായ നടപടിയല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നം. | തീയതി | തുക |
|---|---|---|
| 094 | 20.08.17 | 4650 |
| 095 | 20.08.17 | 14000 |
| 096 | 20.08.17 | 1890 |
| 565 | 20.08.17 | 6285 |
| ആകെ | | 26825 |

പദ്ധതി നിർവ്വഹണം സംബന്ധിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്നറിയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.9/18 തീ.04.10.18) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല.നടപടിക്രമങ്ങൾ പാലിക്കാതെ പാത്രങ്ങൾ വാങ്ങുന്നതിനായി നടത്തിയ 26825/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.പദ്ധതിയുടെ ഭാഗമായി വാങ്ങിയ പാത്രങ്ങൾ സ്കൂളിന്റെ സ്റ്റോക്കിലെടുത്ത് വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. വരും വർഷങ്ങളിൽ പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ഭരണസമിതിയുടെശ്രദ്ധയും നിരീക്ഷണവും ഉണ്ടാവേണ്ടതാണ്.

## 3-4 പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണീച്ചർ നൽകൽ–സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചില്ല

| പ്രൊജക്റ്റ് നം. | വകയിരുത്തിയ തുക | ചിലവഴിച്ച തുക |
|---|---|---|
| S0029/18 | 100000 (എസ്.സി.പി) | 99725 (ബിൽ നം.18/17-18 തീ:12.01.18) |

പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങി നൽകുന്നതിന് കടമ്മനിട്ട ഗവ.എൽ.പി.എസ്. ഹെഡ്മിസ്ട്രസ് നിർവ്വഹണ ഉദ്യോഗസ്ഥയായി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. 25 വിദ്യാർത്ഥികൾക്ക് 3989/- രൂപ വില വരുന്ന സ്റ്റീൽ മേശയും കുഷ്യനുള്ള സ്റ്റീൽ കസേരയും വാങ്ങി നൽകുന്നതിന് 99725/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഒരു വിദ്യാർത്ഥിയ്ക്ക് ഒരിക്കൽ മാത്രമേ ഈ ആനുകൂല്യം നൽകാവൂയെന്നും സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരം ഇവ വിതരണം ചെയ്യണമെന്നും പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സുകളിൽ നിന്നോ ഇതേ ആനുകൂല്യം ലഭിച്ചിട്ടുള്ളവർക്ക് വീണ്ടും ആനുകൂല്യത്തിന് അർഹതയില്ലെന്നും സ.ഉ.(എം.എസ്)നം.80/2017/തസ്വഭവ തീ:03/04/2017 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. ചുവടെ കൊടുത്തിരിക്കുന്നവിദ്യാർത്ഥികൾക്ക് ഫർണീച്ചർ വിതരണം നടത്തിയത് മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കാതെയാണ്.

| ക്രമ.നം. | ഗുണഭോക്താവിന്റെ വിവരങ്ങൾ | ആഡിറ്റിൽ കണ്ടെത്തിയ അപാകത |
|---|---|---|
| 1 | ദേവ്യ രതീഷ്,<br>D/o രതീഷ് ആർ,<br>വാല്യ തുണ്ടിൽ,<br>നാരങ്ങാനം പി.ഒ | പട്ടികജാതി വകുപ്പിൽ നിന്നും ആനുകൂല്യം ലഭിച്ചിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തിയിട്ടില്ല |
| 2 | ഗായത്രി മനോജ്,<br>D/o മനോജ് ബി,<br>മുളന്തറ തടത്തിൽ, അന്ത്യാളൻകാവ് പി.ഒ | " |
| 3 | ശില്പ ശശി,<br>D/o ശശി പി.എസ്, പട്ടാഴി തുണ്ട് പുരയിടം, തോന്ന്യാമല | " |
| 4 | സ്വർണ്ണ സി.ജി.,<br>D/o രാജൻ, ചുട്ടിപ്പാറയിൽ, അന്ത്യാളൻകാവ് | " |
| 5 | ആതിരമോൾ ആർ,<br>D/o കെ.ആർ രതീഷ്, കാഞ്ഞിരത്തോലിൽ, അന്ത്യാളൻകാവ് | " |
| 6 | നന്ദ എസ് കുമാർ, D/o സന്തോഷ് കുമാർ കെ, നന്ദനം, നാരങ്ങാനം പി.ഒ | " |
| 7 | അഞ്ജലി എൻ.എസ്,<br>C/o ശിവരാമന് എൻ.എസ്, നല്ലാനിക്കുന്ന് , നാരങ്ങാനം | " |
| 8 | അതുൽ എസ്,<br>S/o അനിൽ പി.സി,<br>പതാക്ക് വീട് ,<br>നാരങ്ങാനം പി.ഒ | " |
| 9 | അനഘ.കെ.എസ്,<br>D/o നിത്യ, മുതുമരത്തിൽ, നാരങ്ങാനം | " |

| | | |
|---|---|---|
| 10 | അതുല്യ കെ.ആർ,<br>D/o രാജി ആർ,<br>കാഞ്ഞിരത്തോലിൽ , അന്ത്യാളൻകാവ് | സ്കൂൾ അധികൃതരുടെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. |

പദ്ധതിയ്ക്ക് ഗുണഭോക്താക്കളായി തിരഞ്ഞെടുത്ത 25- വിദ്യാർത്ഥികളിൽ 18-പേർ മാത്രമാണ് ഫർണീച്ചറുകൾ കൈപ്പറ്റിയത്. ഫോൺ, പഞ്ചായത്ത് മെമ്പർമാർ, രജിസ്റ്റേർഡ് തപാൽ എന്നിവ മുഖേന അറിയിച്ചിട്ടും ബാക്കിയുള്ള 7-പേർ എത്താത്തതിനെ തുടർന്ന് കമ്മിറ്റി തീരുമാന പ്രകാരം ഗുണഭോക്തലിസ്റ്റിലുണ്ടായിരുന്ന മറ്റുള്ളവർക്ക് ഫർണീച്ചറുകൾ വിതരണം ചെയ്യുകയുണ്ടായി. ആനുകൂല്യം ലഭിച്ചവരിൽ ഒരാൾ അംഗനവാടിയിൽ പോകുന്ന കുട്ടിയും രണ്ട് പേർ പ്രീപ്രൈമറി വിദ്യാർത്ഥികളുമാണ്. വിതരണം നടത്തിയ മേശയും കസേരയും അവർക്ക് ഇപ്പോൾ ഉപയോഗിക്കാവുന്ന അളവിലുള്ളതല്ല. പഞ്ചായത്ത് തയ്യാറാക്കിയ ഗുണഭോക്തലിസ്റ്റിൽ 95- വിദ്യാർത്ഥികൾ ഉൾപ്പെട്ടിരുന്നു അവരിൽ നിന്നും അർഹതയുള്ളവരും ഏറ്റവും ആവശ്യക്കാരുമായ വിദ്യാർത്ഥികളെ കണ്ടെത്തുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥയുടെയും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെയും ആത്മാർത്ഥമായ ശ്രമങ്ങൾ ഉണ്ടായിട്ടില്ല. അനുയോജ്യരായ ഗുണഭോക്താക്കളെ കണ്ടെത്തി അവരുടെ എണ്ണത്തിനനുസരിച്ച് വാങ്ങൽ നടത്താതെയിരുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വരും വർഷങ്ങളിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതെയിരിക്കാൻ ഭരണസമിതിയുടെ ശ്രദ്ധയും നിരീക്ഷണവും ഉണ്ടാവേണ്ടതാണ്.

## 3-5 തോന്ന്യാമല അംഗൻവാടി മെയിന്റനൻസ്- അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നം. | S.122/17 (SO.14/18) |
| അടങ്കൽ തുക | രൂ.150000 (മെയിന്റനൻസ് ഫണ്ട്- നോൺ റോഡ്) |
| കൺവീനർ | ശ്രീമതി ജലജകുമാരി.കെ.റ്റി, കാവുപറമ്പിൽ |
| ചെലവു വിവരം | രൂ.133600 (ബിൽ നം. 17/20.1.18) |

പ്രസ്തുത പ്രവൃത്തിയുടെ ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. ഗുണഭോക്തൃസമിതി കൺവീനറും കമ്മറ്റിയുമായി നിർവ്വഹണ ഉദ്യോഗസ്ഥ എഗ്രിമെന്റ് വെച്ചത് 3-2-17-ൽ ആണ്. എന്നാൽ ഗുണഭോക്താക്കളുടെ യോഗം ചേർന്നത് അതിനുശേഷമുള്ള 15-2-17 എന്ന തീയതിയിലാണ്. എഗ്രിമെന്റിനുള്ള മുദ്രപ്പത്രം ശ്രീമതി ജലജാകുമാരിയുടെ പേരിൽ 2-2-17-ൽ തന്നെ വാങ്ങിയിരുന്നു എന്ന് മുദ്രപ്പത്രത്തിലെ തീയതിയിൽ നിന്ന് വ്യക്തമാണ്. ഗുണഭോക്താക്കളുടെ യോഗം ചേരുന്നതിനു മുൻപുതന്നെ കൺവീനറേയും ചെയർമാനേയും കമ്മറ്റിയംഗങ്ങളേയും നിശ്ചയിച്ചിരുന്നു എന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. ആയത് ഗുരുതരമായ അപാകതയാണ്.

2. പ്രവൃത്തി 20-6-17-ൽ പൂർത്തീകരിച്ചു എന്നാണ് കംപ്ലീഷൻ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ പ്രവൃത്തി നടത്തിയത് 22-5-17മുതൽ 18-9-17വരെയുള്ള ദിവസങ്ങളിലാണെന്നാണ് എം.ബുക്കിൽ (നം.28/16-17) രേഖപ്പെടുത്തിയിരിക്കുന്നത്.ആയതിൽ അവ്യക്തതയുണ്ട്.

3. മനോജ് എഞ്ചിനീയറിംഗ് വർക്സ്, മൈലപ്ര എന്ന സ്ഥാപനമാണ് ജി.ഐ.പൈപ്പ്, സ്ക്വയർ ട്യൂബ് എന്നിവ സ്ഥാപിച്ച് അലൂമിനിയം ഷീറ്റ് റൂഫിംഗ് നടത്തിയതെന്നാണ് വൗച്ചറിൽ കാണിച്ചിരിക്കുന്നത്. കൺവീനറിൽ നിന്നും സ്ഥാപനം തുക കൈപ്പറ്റിയതിന്റെ കാഷ്ബില്ല് ലഭ്യമാക്കിയിട്ടില്ല. പകരം, സ്ഥാപനത്തിന്റെ ലെറ്റർ പാഡിൽ എഴുതിയ കൈപ്പറ്റ് രസീതാണുള്ളത്. ഇതുതന്നെ രണ്ടെണ്ണമുണ്ട്. 105000രൂപ കൈപ്പറ്റിയതായി ഒരെണ്ണത്തിലും, 108000രൂപ കൈപ്പറ്റിയതായി രണ്ടാമത്തേതിലും എഴുതിയിട്ടുണ്ട്.ആയതിൽ അവ്യക്തതയുണ്ട്. ശരിയായ കാഷ് ബില്ല് ലഭ്യമാക്കേണ്ടതാണ്.

4. വളരെ വേഗം ചെയ്തു തീർക്കാമായിരുന്ന പ്രവൃത്തി പൂർത്തീകരിക്കാൻ വളരെയേറെ കാലതാമസം വരുത്തി. 03.02.17-ൽ എഗ്രിമെന്റ് വെച്ച പ്രവൃത്തി പൂർത്തീകരിച്ചത് 18.09.17-ൽ മാത്രമാണ്. കാലതാമസം

വരുത്തിയതിന് കൺവീനർക്ക് നോട്ടീസ് നൽകുകയോ തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ആയത് നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഭാഗത്തു നിന്നുള്ള അനാസ്ഥ വ്യക്തമാക്കുന്നു.

5. ആദ്യത്തെ യോഗത്തിനു ശേഷം ഗുണഭോക്തൃ കമ്മറ്റി പിന്നീട് യോഗം ചേർന്നിട്ടില്ല. വരവ്-ചെലവ് കണക്കുകൾ കമ്മറ്റി ചർച്ച ചെയ്യുകയോ അംഗീകരിക്കുകയോ ചെയ്തിട്ടില്ല. ഗുണഭോക്തൃ കമ്മറ്റി നിഷ്ക്രിയമായിരുന്നു എന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്.

മേൽപ്പറഞ്ഞ അപാകതകളുടെ വെളിച്ചത്തിൽ ചെലവ് തുക 1,33,600/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു. അപാകതകൾ പരിഹരിച്ച് കൃത്യമായ രേഖകൾ ഹാജരാക്കേണ്ടതാണ്. ക്ഷേമകാര്യ/വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റികളോ, മോണിറ്ററിംഗ് സമിതിയോ, നിർവ്വഹണ ഉദ്യോഗസ്ഥയോ പ്രവൃത്തിയുടെ നിർവ്വഹണത്തിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചില്ല എന്ന് മേൽപ്പറഞ്ഞ അപാകതകളിൽ നിന്ന് വ്യക്തമാണ്. ഗുണഭോക്തൃസമിതി മുഖേന നിർവ്വഹിക്കപ്പെടുന്ന പ്രവർത്തികളിൽ പാലിക്കേണ്ടതായ കാര്യങ്ങൾ സർക്കാർ വിവിധ ഉത്തരവുകളിലൂടെ വ്യക്തമാക്കിയിട്ടുള്ളതാണ്. ആയവ കൃത്യമായി പാലിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥയും ഭരണസമിതിയും ശ്രദ്ധിക്കേണ്ടതാണ്.

## 3-6 ലൈബ്രറിക്കെട്ടിടം പ്രവർത്തനക്ഷമമാക്കിയിട്ടില്ല

പ്രൊജക്റ്റ് നം.S.186/16(SO.7/17)-പ്രകാരം ആവിഷ്കരിച്ച്, 2161010രൂപ ലോകബാങ്ക് ധനസഹായം ചെലവഴിച്ച്, 5.10.16-ൽ നിർമ്മാണം പൂർത്തീകരിച്ച പഞ്ചായത്ത് ലൈബ്രറി കെട്ടിടത്തിൽ ലൈബ്രറിയുടെ പ്രവർത്തനം നാളിതുവരെയായിട്ടും തുടങ്ങിയിട്ടില്ല. വാടകക്കെട്ടിടത്തിലാണ് ഇപ്പോഴും ലൈബ്രറി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. കെട്ടിടത്തിലെ വൈദ്യുതീകരണ പ്രവൃത്തികൾ നാളിതുവരെയായിട്ടും നിർവ്വഹിച്ചിട്ടില്ല. ഇലക്ട്രിഫിക്കേഷന് 132000രൂപയുടെ ഡീറ്റെയ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി തുക പത്തനംതിട്ട പി.ഡബ്ല്യൂ.ഡി ഇലക്ട്രിക്കൽ ഡിവിഷനിൽ 3/2017-ൽ ഒടുക്കിയിരുന്നു. കെട്ടിടനിർമ്മാണപ്രവൃത്തികൾ പുരോഗമിച്ചതോടൊപ്പം തന്നെ ഇലക്ട്രിഫിക്കേഷനുള്ള നടപടികൾ ആരംഭിച്ചിരുന്നുവെങ്കിൽ 2016-17സാമ്പത്തികവർഷം തന്നെ ലൈബ്രറിയുടെ പ്രവർത്തനം തുടങ്ങുവാൻ സാധിക്കുമായിരുന്നു. എന്നാൽ പഞ്ചായത്തധികാരികൾ ഈ വിഷയത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തിയില്ല എന്ന് മാത്രമല്ല, തുക ഡെപ്പോസിറ്റ് ചെയ്തിട്ട് ഒന്നര വർഷമായിട്ടും പി.ഡബ്ല്യൂ.ഡി വിഭാഗം ഇലക്ട്രിഫിക്കേഷൻ നടത്താത്തതിന് തുടർനടപടികൾ സ്വീകരിച്ചിട്ടുമില്ല. നിർമ്മിച്ച കെട്ടിടം ഉപയോഗപ്രദമാക്കുന്നതിന് കാര്യക്ഷമമായ നടപടികൾ പഞ്ചായത്തധികാരികളുടെ ഭാഗത്തുനിന്നും ഉണ്ടാകാതിരുന്നത് തികഞ്ഞ അനാസ്ഥയാണ്. ലൈബ്രറിയ്ക്കു വേണ്ടി വാടകയിനത്തിൽ തുക ചെലവഴിക്കേണ്ടിവന്നിരിക്കുന്ന സാഹചര്യത്തിൽ, ഭരണസമിതി ഈ വിഷയത്തിൽ അടിയന്തിര ശ്രദ്ധ പതിപ്പിക്കേണ്ടതും ഇലക്ട്രിഫിക്കേഷൻ നടപടികൾ പൂർത്തിയാക്കി ലൈബ്രറിയുടെ പ്രവർത്തനം പുതിയ കെട്ടിടത്തിൽ ആരംഭിക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.



ഉപയോഗിക്കാതെ കിടക്കുന്ന ലൈബ്രറിക്കെട്ടിടം

## 3-7 ആയുർവ്വേദമരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നതിൽ അപാകത

ആയുർവ്വേദാശുപത്രിയിലെ മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നതിൽ ഗുരുതരമായ അപാകത ഓഡിറ്റിൽ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ പ്രൊജക്റ്റ് പ്രകാരം ലഭ്യമാകുന്ന മരുന്നുകളുടെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ തുടർച്ചയായി രേഖപ്പെടുത്താതെ, ഓരോ വർഷവും പുതിയ രജിസ്റ്റർ എടുത്ത് വിവരങ്ങൾ എഴുതുകയാണ് ചെയ്യുന്നത്. മുൻവർഷം ബാക്കി വന്ന മരുന്നുകളുടെ വിവരം പുതിയ രജിസ്റ്ററിലേക്ക് ക്യാരിഓവർ ചെയ്യുന്നില്ല. ഇപ്രകാരം ഓരോ വർഷവും പുതിയ മെയിൻ സ്റ്റോക്ക് രജിസ്റ്ററും സബ്-സ്റ്റോക്ക് രജിസ്റ്ററും എഴുതുന്നത് മരുന്നുകളുടെ യഥാർത്ഥ സ്റ്റോക്ക്, പരിശോധനാവേളയിൽ മനസ്സിലാക്കാതിരിക്കാനാണെന്ന് ഓഡിറ്റിൽ വ്യക്തമാകുന്നു. ഉദാഹരണമായി, 31.3.18-ൽ ധന്വന്തരം ഗുളിക 1500എണ്ണവും, രാസ്നാദി ചൂർണ്ണം 12പായ്ക്കറ്റും, ചുക്കുംതിപ്പല്യാദി ഗുളിക 1500എണ്ണവും, ശതാഹ്യാദി കുഴമ്പ് 128ബോട്ടിലും, വെട്ടുമാറൻ ഗുളിക 2100എണ്ണവും മുൻസ്റ്റോക്ക് രജിസ്റ്ററിൽ അവശേഷിച്ചിരുന്നുവെങ്കിലും ആയതിന്റെ വിവരം പുതിയ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. പുതുതായി ലഭിച്ച മരുന്നുകളുടെ വിവരങ്ങൾ മാത്രമാണ് പുതിയ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിരിക്കുന്നത്. വകുപ്പുതലത്തിൽ ലഭിക്കുന്ന മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്ററുകൾക്ക് പുറമെയാണ് ഇപ്രകാരം വേറെ രജിസ്റ്ററുകൾ

എഴുതുന്നത്. സ്റ്റോക്കിൽ സാധനങ്ങൾ കുറവാണെന്ന് തോന്നിക്കുന്നതിനും, കണക്കുകളിൽ കൃത്രിമം കാണിക്കുന്നതിനും ഇത് ഇടയാക്കും എന്ന് ഓഡിറ്റിൽ നിരീക്ഷിക്കുന്നു. സ്റ്റോക്ക് ശരിയായ രീതിയിൽ എഴുതാതിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതും അപാകത പരിഹരിച്ച് സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പരിപാലിക്കേണ്ടതുമാണ്.

## 3-8 ഒ.ഡി.എഫ് പദ്ധതി- ശുചിത്വമിഷനിൽ നിന്നും തിരികെ ലഭിച്ച തുക ചെലവഴിച്ചില്ല

ഒ.ഡി.എഫ് പദ്ധതിക്കായി ഗ്രാമപഞ്ചായത്ത് ചെലവഴിച്ച 1524000 രൂപ (കേന്ദ്ര വിഹിതം) ജില്ലാ ശുചിത്വമിഷനിൽ നിന്നും തിരികെ ലഭിച്ചുവെങ്കിലും ആയത് വിനിയോഗിച്ച് ഗ്രാമപഞ്ചായത്ത് ഓഡിറ്റ് സമയത്തും പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. 2016-17 സാമ്പത്തിക വർഷത്തിൽ സ്വച്ച് ഭാരത് മിഷൻ ഗ്രാമീൺ സാനിട്ടറി കക്കൂസ് നിർമ്മാണത്തിനായി (ഒ.ഡി.എഫ്) വിവിധ പ്രോജക്ടുകളിൽ നിന്നും ക്രമീകരിച്ച തുക ഉപയോഗിച്ച് വികസനഫണ്ടിൽ 1955800 രൂപ വകയിരുത്തി പദ്ധതി (പ്രോജക്ട് നം-5/17) ആവിഷ്കരിച്ച് നടപ്പിലാക്കി. കക്കൂസൊന്നിന് 15400 രൂപ വീതം 127 ഗുണഭോക്താക്കൾക്കാണ് പദ്ധതിയുടെ ആനുകൂല്യം ലഭിച്ചത്.ഇതിൽ 12000 രൂപ കേന്ദ്ര വിഹിതവും 3400 രൂപ സംസ്ഥാന വിഹിതവുമായിരുന്നു. കേന്ദ്ര വിഹിതം യഥാസമയം ലഭ്യമാകാത്ത സാഹചര്യത്തിലാണ് വിവിധ പ്രോജക്ടുകളിലെ തുക ക്രമീകരിച്ച് സംസ്ഥാനവിഹിതം പൂർണ്ണമായി ഉപയോഗിച്ച് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്.

2017-18 സാമ്പത്തിക വർഷത്തിൽ മൂന്ന് തവണകളിലായി കേന്ദ്രവിഹിതം ഇനത്തിൽ ചെലവഴിച്ച തുക ജില്ലാ ശുചിത്വമിഷൻ മുഖേന ഗ്രാമപഞ്ചായത്തിന് ലഭിച്ചു. 1524000 രൂപയാണ് ഇപ്രകാരം ലഭിച്ചത്. ലഭിച്ച തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിക്ഷേപിക്കുകയും ചെയ്തു. എന്നാൽ മറ്റ് പ്രോജക്ടുകൾക്കായി വകയിരുത്തിയ തുക വകമാറ്റി ഒ.ഡി.എഫ് പദ്ധതി പൂർത്തീകരിക്കുകയും കേന്ദ്രവിഹിതമിനത്തിലുള്ള തുക തിരികെ ലഭിച്ചപ്പോൾ ആയതിന് പുതിയ പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്തിട്ടില്ല. തനത് ഫണ്ടിൽ നിക്ഷേപിച്ച് ഗ്രാമപഞ്ചായത്തിന്റെ പദ്ധതിയേതര ചെലവുകൾക്ക് കേന്ദ്ര വിഹിതം വിനിയോഗിക്കുകയുമാണ് ചെയ്തു പോരുന്നത്. 2018-19 സാമ്പത്തിക വർഷത്തിലും ടി തുക വകയിരുത്തി പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടില്ല. ആയതിനാൽ 1524000 രൂപ വകയിരുത്തി പ്രോജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-9 ശുചിത്വ ഗ്രാമം പദ്ധതി യാഥാർത്ഥ്യമായില്ല

ശുചിത്വ മാലിന്യ സംസ്കരണം തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ പ്രാവർത്തികമാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട് [സ.ഉ.(സാധ.)2420/2017/തസ്വഭവ, തീ. 15.07.17]. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെയും ഹരിത കേരള മിഷനും, കർമ്മ സമിതിയും എല്ലാ വാർഡ് മെമ്പർമാരും, യോഗം ചേർന്ന് മാലിന്യ സംസ്കരണത്തിനുള്ള രൂപരേഖ ചർച്ച ചെയ്യണമെന്നും, ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെയും മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടത്തേണ്ടത് അവർ തെരഞ്ഞെടുക്കുന്ന ഹരിതകർമ്മ സേന മുഖേനയായിരിക്കണമെന്നും ടി ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്.

പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ 01-06-2018-ൽഗ്രാമപഞ്ചായത്തിൽ ഹരിത കർമ്മ സേന രൂപീകരിച്ചിട്ടുണ്ട്. എന്നാൽ ഹരിത കർമ്മ സേനയുടെ തുടർ പ്രവർത്തനത്തിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് പഞ്ചായത്തിന് സാധിച്ചിട്ടില്ല. 2017-18 സാമ്പത്തിക വർഷത്തിൽ അസ്സിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2994689 രൂപ അടങ്കലായി ശുചിത്വഗ്രാമം പദ്ധതി എന്ന പേരിൽ പ്രോജക്ട് ആവിഷ്കരിച്ചുവെങ്കിലും മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് ഒരു പദ്ധതിയും നടപ്പിലായില്ല. മെറ്റീരിയൽ ഫെസിലിറ്റി കളക്ഷൻ സെന്റർ നിർമ്മാണം പ്രോജക്ടിൽ ഉൾപ്പെടുത്തിയിരുന്നതായും ആയത് അസ്സിസ്റ്റന്റ് എഞ്ചിനീയറാണ് നിർവ്വഹണം നടത്തേണ്ടത് എന്നതിനാലുമാണ് പദ്ധതി നടപ്പിലാക്കാതിരുന്നതെന്നാണ് ഓഡിറ്റ് എൻക്വയറിക്ക്(നം.14/18 തീ:05.10.18) ലഭ്യമായ മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്. എന്നാൽ 24-02-2018-ലെ ഭരണസമിതിയുടെ 4-ാം നമ്പർ തീരുമാനത്തിൽ മെറ്റീരിയൽ ഫെസിലിറ്റി കളക്ഷൻ സെന്ററിന് അനുയോജ്യമായ സ്ഥലം കണ്ടെത്തിയതായി രേഖപ്പെടുത്തിയിരുന്നു. തുടർന്ന് 2018-19 സാമ്പത്തിക വർഷം പദ്ധതി നിർവ്വഹണം സെക്രട്ടറി ഏറ്റെടുത്തുവെങ്കിലും കെട്ടിടനിർമ്മാണം ഉൾപ്പെട്ടതിനാൽ വീണ്ടും ഭേദഗതി ചെയ്ത് അസ്സിസ്റ്റന്റ് എഞ്ചിനീയറെ നിർവ്വഹണ ഉദ്യോഗസ്ഥനാക്കി എന്നുള്ളതാണ് പ്രോജക്ടിന്റെ നിലവിലെ അവസ്ഥ.

പ്രസ്തുത പദ്ധതിക്കായി സംസ്ഥാന ശുചിത്വ മിഷനിൽ നിന്ന് 1200000 രൂപയും ജില്ലാ പഞ്ചായത്തിൽ നിന്ന് 1000000 രൂപയും ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് 500000 രൂപയും ലഭിച്ചത് ഗ്രാമപഞ്ചായത്തിന്റെ തനത്

ഫണ്ടിൽ നിഷ്ക്രിയമായി കിടക്കുന്നു.

മാലിന്യങ്ങൾ ശേഖരിക്കുന്നതിന് മെറ്റീരിയത്സ് കളക്ഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനും ഹരിത കർമ്മ സേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും,പ്ലാസ്റ്റിക് സംസ്കരണം നടത്തുന്നതിന് ആവശ്യമായ മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും പഞ്ചായത്ത് ഭരണ സമിതി നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ പഞ്ചായത്ത്ഭരണസമിതിയുടെ ഭാഗത്തുനിന്നും അടിയന്തിര ഇടപെടൽ ഉണ്ടായില്ലെങ്കിൽ പദ്ധതി നിർവ്വഹണത്തിനായി വിവിധ ഏജൻസികളിൽനിന്നും ലഭിച്ച 27ലക്ഷം രൂപ വിനിയോഗിക്കാനാവാതെ തിരികെ നൽകേണ്ടിവരുകയും, പരിസ്ഥിതിക്ക് ഭീഷണിയായി മാറിയിട്ടുള്ള പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ സംസ്കാരിക്കുന്നതിന് സംവിധാനമില്ലാതെ ഹരിതകേരളമിഷന്റെ ഭാഗമായ ശുചിത്വ മാലിന്യ സംസ്കരണം പഞ്ചായത്തിൽ പരാജയപ്പെടുന്നതിന് ഇടയാകുമെന്നും ബന്ധപ്പെട്ടവരെ ഓർമ്മപ്പെടുത്തുന്നു. പദ്ധതി സംബന്ധിച്ച് ഒരു വ്യക്തമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനും ആയത് പ്രകാരം ശുചിത്വഗ്രാമം എന്ന പദ്ധതി നടപ്പിൽ വരുത്തുന്നതിനും ഭരണസമിതി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-10 EMS ഭവനപദ്ധതി- വീട്ടു നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളിൽ നിന്നും നൽകിയ തുക തിരികെ ഈടാക്കണം

സമ്പൂർണ്ണ പാർപ്പിട സുരക്ഷിത പദ്ധതിയുമായി (ലൈഫ് പദ്ധതി)ബന്ധപ്പെട്ട മാർഗ്ഗരേഖ (സ.ഉ (എം.എസ്) നം-151/17/ത.സ്വ.ഭ.വ തീയതി 31-07-2017) പ്രകാരം വിവിധ ഭവനനിർമ്മാണ പദ്ധതികളുമായി ബന്ധപ്പെട്ട് ആനുകൂല്യം കൈപ്പറ്റിയതിന് ശേഷം ഭവനനിർമ്മാണം

പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ആയത് പൂർത്തീകരിക്കുന്നതിന് മുൻഗണന നൽകണമെന്ന് നിഷ്കർഷിച്ചിരുന്നു. ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനായി മുൻപ് കൈപ്പറ്റിയ തുകയ്ക്ക് ആനുപാതികമായി ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി തുക നൽകാമെന്നും മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിരുന്നു.ഇത് പ്രകാരം ഗ്രാമപഞ്ചായത്ത് നടത്തിയ സർവ്വെയിൽ മുൻപ് ഇ.എം.എസ് ഭവനപദ്ധതി പ്രകാരം സബ്സിഡി കൈപ്പറ്റിയ 7 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചില്ലായെന്നും തുക പൂർണ്ണമായും കൈപ്പറ്റിയിട്ടില്ലായെന്നും കണ്ടെത്തി. 7 ഗുണഭോക്താക്കളിൽ ഒരാൾ മരിച്ചുപോകുകയും 3 പേർക്ക് ഭവനനിർമ്മാണം പൂർത്തീകരിക്കാൻ താൽപ്പര്യമില്ലായെന്ന് ഗ്രാമപഞ്ചായത്തിന് എഴുതി നൽകുകയും ചെയ്തു. ബാക്കി 3 പേർക്ക് 2017-18 വർഷം ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കുകയും ഒരാൾ ഭവനനിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. തുക ആവശ്യമില്ലായെന്ന് ഗ്രാമപഞ്ചായത്തിനെ അറിയിച്ച ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേരും വിലാസവും | കൈപ്പറ്റിയ തുക | റിമാർക്സ് |
|---|---|---|---|
| 1 | ആശ തീക്കുഴിയിൽ കടമ്മനിട്ട | 30000 | തെക്കേമലയിലാണ് ഇപ്പോൾ സ്ഥിരതാമസമെന്നും നാളിതുവരെ വീട്ടുപണി ആരംഭിക്കാത്ത സാഹചര്യത്തിൽ കൈപ്പറ്റിയ തുക തിരിച്ചടയ്ക്കാമെന്നും 06-11-2017-ൽ ഗ്രാമപഞ്ചായത്തിന് എഴുതി നൽകി |
| 2 | സിന്ധു സന്തോഷ് പുലച്ചരുവിൽ കടമ്മനിട്ട | 22500 | വീട് വയ്ക്കാൻ അനുവദിച്ച തുക പര്യാപ്തമല്ലായെന്നും കൈപ്പറ്റിയ തുക തിരിച്ചടയ്ക്കാമെന്നും 28-09-2017-ൽ ഗ്രാമപഞ്ചായത്തിന് എഴുതി നൽകി |
| 3 | രാഘവൻ മലേക്കുഴി പുതുപ്പറമ്പിൽ | 15000 | ഗുണഭോക്താവ് മരിച്ചുപോയി. കൈപ്പറ്റിയ തുക ബന്ധുക്കളിൽ നിന്നും ഈടാക്കണമെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥ എഴുതി |

| | | | |
|---|---|---|---|
| | നാരങ്ങാനം | | നൽകിയിട്ടുള്ളത്.<br>ഭരണസമിതിക്ക് ടി വിഷയത്തിൽ അനുയോജ്യമായ തീരുമാനമെടുക്കാവുന്നതാണ്. |
| 4 | ലീലാമ്മ .കെ.ജി<br>കല്ലാശ്ശാരി പറമ്പിൽ<br>നാരങ്ങാനം | 52500 | ലഭിച്ച തുക ഉപയോഗിച്ച് വസ്തു വാങ്ങുകയും വീടിന് അടിത്തറ നിർമ്മിക്കുകയും ചെയ്തു. വഴി സൗകര്യമില്ലാ-<br>ത്തതിനാൽ ടി വസ്തു വിൽക്കുകയും ചെയ്തു. |

മുകളിൽ ചൂണ്ടിക്കാട്ടിയ ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണം പൂർത്തീകരിക്കാൻ താൽപ്പര്യമില്ലായെന്ന് ഗ്രാമപഞ്ചായത്തിനെ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ നൽകിയ തുക തിരികെ ഈടാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥയും ഭരണസമിതിയും നടപടികൾ സ്വീകരിക്കേണ്ടതായിരുന്നു. ടി വിഷയത്തിൽ ഭരണസമിതി അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതും തുക തിരികെ ഈടാക്കി മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 3-11 തെരുവ് വിളക്കുകൾക്ക് അറ്റകുറ്റപ്പണി- പദ്ധതി നടത്തിപ്പിന്റെ രേഖകൾ പൂർണ്ണമല്ല

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 42/18 |
| വകയിരുത്തിയ തുക | 200000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവഴിച്ച തുക | 195000/- (ട്രഷറി ബിൽ നം. 34/17-18/24.3.18) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഗ്രാമപഞ്ചായത്ത് സെക്രട്ടറി |

പ്രസ്തുത പദ്ധതിയ്ക്കായി 7.8.17-ൽ ടെണ്ടർ ക്ഷണിച്ചിരുന്നെങ്കിലും ആരും ടെണ്ടർ സമർപ്പിയ്ക്കാത്തതിനെ തുടർന്ന് 30.11.17-ൽ റീടെണ്ടർ ചെയ്തു. പഞ്ചായത്ത് കമ്മിറ്റിയുടെ 1.1.18-ലെ 19-ാം നമ്പർ തീരുമാനം പ്രകാരം പ്രസ്തുത പ്രവൃത്തി ശ്രീ. വിശാഖ് പി ആർ, പെരുംതോടത്ത് മണ്ണിൽ/ സ്റ്റാർ ഇലക്ട്രിക്കൽസ്, നാരങ്ങാനം നോർത്ത് പി ഒ എന്നയാൾക്ക് നൽകി. പ്രവൃത്തിയുമായി ബന്ധപ്പെട്ട് ടിയാൾക്ക് ചെലവായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു

| ക്രമ. നം. | ഇനം | ബിൽ പ്രകാരം | നൽകിയ തുക | നൽകേണ്ടത് |
|---|---|---|---|---|
| 1 | LED 9W ഫിറ്റിംഗ് ചാർജ്ജ് - 375 രൂപ<br>LED ബൾബ്-130<br>ഫിറ്റിംഗ് ചാർജ്ജ്- 200<br>ഹോൾഡർ–20<br>ഷേഡ്-25 | LED 9W ഫിറ്റിംഗ് ചാർജ്ജ് - 365 രൂപ<br>LED ബൾബ്-130<br>ഫിറ്റിംഗ് ചാർജ്ജ്- 200<br>ഹോൾഡർ–16<br>ഷേഡ്-19 | 14 x 25 x 375<br>= 131250 | 14 x 25 x 365<br>= 127750 |
| 2 | സിംഗിൾ ട്യൂബ് സെറ്റ് റിപ്പയറിംഗ്, റീഫിറ്റിംഗ്<br>420/- | മാറ്റമില്ല | 114 x 420<br>= 47880 | 47880 |
| 3 | ഡബിൾ ട്യൂബ് സെറ്റ് റിപ്പയറിംഗ്, റീഫിറ്റിംഗ്<br>510/- | മാറ്റമില്ല | 22 x 510<br>= 11220 | 11220 |
| 4 | അലുമിനിയം വയർ | 1 കോയിൽ– 240 | 14 x 420 | 14 x 240 |

| | | | | |
|---|---|---|---|---|
| | 1 കോയിൽ-420/- | | = 5880 | = 3360 |
| | | ആകെ | **196230 (ltd to 195000)** | **190210** |

മേൽ സൂചിപ്പിച്ച ക്രമ.നം.(1) പ്രകാരം 4790 രൂപ (131250-127750) അധികം നൽകിയിട്ടുണ്ട്.

ഇത് കൂടാതെ, ടിയാൾക്ക് തുക നൽകിയത് വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം ഇല്ലാതെയാണ്. വിവിധ വാർഡുകളിൽ നടത്തിയ പ്രവൃത്തികൾ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്ററും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ ചെലവായ 4790 രൂപ നിരാകരിച്ച് ബാക്കി തുകയായ 190210/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-12 രേഖകൾ ഹാജരാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടായ ' അംഗീകൃത ക്ലബ്ബുകൾക്ക് സ്പോർട്ട്സ് കിറ്റ് വിതരണം (47/18)' പദ്ധതിയ്ക്കായി വികസന ഫണ്ടിൽ നിന്നും 35000/- രൂപ ചെലവഴിച്ചിട്ടുണ്ട്. (ട്രഷറി ബിൽ നം. 21/17-18/22.11.17). പ്രസ്തുത പദ്ധതിയുടെ ചെലവിനാധാരമായ രേഖകൾ ഓഡിറ്റ് എൻക്വയറി (23/9.10.18) മുഖേന ആവശ്യപ്പെട്ടിട്ടും അധികൃതർക്ക് ഹാജരാക്കാൻ സാധിച്ചില്ല. തുടർന്ന് 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് റൂൾ(8) പ്രകാരം 17.10.18-ന് പ്രസ്തുത രേഖകൾ ഹാജരാക്കാൻ സമ്മൻസ് നൽകിയിട്ടുണ്ട്. രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുകയായ 35000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-13 ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നടപടികൾ റിക്കാർഡ് റൂം സജ്ജീകരിച്ചതിൽ ഒതുങ്ങി

ഗ്രാമപഞ്ചായത്തുകൾക്ക് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടുന്നതിനുള്ള മാർഗ്ഗരേഖയാണ് 29.1.2015-ലെ സ.ഉ(കൈ.)18/2015/തസ്വഭവ നമ്പർ ഉത്തരവ്. പ്രസ്തുത ഉത്തരവ് പ്രകാരം ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടുന്നതിന്റെ ഭാഗമായി പഞ്ചായത്തിൽ ഒട്ടേറെ പ്രവർത്തനങ്ങൾ ചെയ്യേണ്ടതുണ്ട്. പൗരാവകാശ രേഖ പ്രസിദ്ധീകരിക്കുക, ജനങ്ങൾക്ക് സേവനങ്ങൾ നൽകുന്നതിലെ കാലതാമസം കുറയ്ക്കുക, പരാതി പരിഹാര സംവിധാനം ശക്തിപ്പെടുത്തുക എന്നിവ ഇതിൽ ഉൾപ്പെടും. പഞ്ചായത്ത് ഇതു വരെ പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടില്ല.

നിലവിൽ ഫ്രണ്ട് ഓഫീസ് പഞ്ചായത്തിന്റെ രണ്ടാമത്തെ നിലയിലാണ് പ്രവർത്തിക്കുന്നത്. ഇത് ജനങ്ങൾക്ക്, പ്രത്യേകിച്ച് ഭിന്നശേഷിക്കാർക്ക്ഏറെ ബുദ്ധിമുട്ടുണ്ടാകുന്നു. ഫ്രണ്ട് ഓഫീസ് താഴത്തെ നിലയിലേക്ക് മാറ്റേണ്ടത് അനിവാര്യമാണ്. സൂചിക സോഫ്റ്റ് വെയർ മുഖേന ഫയലുകളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്ന രീതി പ്രാവർത്തികമായിട്ടില്ല. കൂടാതെ, മാർഗ്ഗരേഖയിൽ സൂചിപ്പിക്കുന്നത് പ്രകാരം ജനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒന്നും ഒരുക്കിയിട്ടില്ല. (ഇരിക്കാൻ സൗകര്യം,റാമ്പ്, കുടിവെള്ളം, ടച്ച് സക്രീൻ, എഴുതാൻ സ്റ്റേഷനറി, ടി.വി എന്നിവ)

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഒരു കർമ്മ പരിപാടി തയ്യാറാക്കുകയോ ഭൗതീക സാഹചര്യങ്ങൾ, പരിഹാര സംവിധാനങ്ങൾ എന്നിവ തീരുമാനിക്കുന്നതിനും നടപ്പിലാക്കുന്നതിനും ഒരു സമയക്രമം നിശ്ചയിക്കുകയോ ചെയ്തിട്ടില്ല. പദ്ധതിയുടെ നിരന്തര പുരോഗതി വിലയിരുത്തേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും, ഗുണമേന്മ വിലയിരുത്തി കൂടുതൽ ഗുണപരമാക്കുന്നതിന് സ്റ്റിയറിംഗ് കമ്മിറ്റിയും നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

2017-18 വർഷം ഐ.എസ്.ഒ സർട്ടിഫിക്കേഷൻ എന്ന പദ്ധതിയിലുൾപ്പെടുത്തി 667765/- രൂപ ചെലവഴിച്ച റിക്കാർഡ് റൂം സജ്ജീകരിച്ചിട്ടുണ്ട്. കൺസൾട്ടന്റിനെ നിയമിക്കുന്നത് ഉൾപ്പെടെയുള്ള പരമ പ്രധാന ജോലികൾ ചെയ്യാതെ റിക്കാർഡ് റൂം സജ്ജീകരണത്തിൽ ഒതുങ്ങിയിരിക്കുകയാണ് പഞ്ചായത്തിന്റ നാളിതുവരെയുള്ള പ്രവർത്തനം. മേൽ സൂചിപ്പിച്ചത് പോലെ, ഒരു കർമ്മ പദ്ധതി തയ്യാറാക്കി, സർട്ടിഫിക്കേഷൻ നേടാനുള്ള പ്രവർത്തനങ്ങൾ ഘട്ടം ഘട്ടമായി പൂർത്തീകരിക്കേണ്ടതാണ്.

## 3-14 മരുന്നു വാങ്ങൽ പ്രോജക്ടുകൾ - മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല

2017-18സാമ്പത്തികവർഷം ഗ്രാമപ്പഞ്ചായത്തിലെ വിവിധ ആരോഗ്യ സ്ഥാപനങ്ങൾക്ക് മരുന്നു വാങ്ങുന്നതിനായി സർക്കാർ ഏജൻസികളിൽ പണം മുൻകൂർ ഒടുക്കിയിട്ടുണ്ടെങ്കിലും നാളിതുവരെ മരുന്നുകൾ

പൂർണ്ണമായി ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ. നം. | നിർവ്വഹണ ഉദ്യോഗസ്ഥന്റെയും പ്രോജക്റ്റിന്റെയും പേര് | പണം അടവാക്കിയ ഏജൻസി/ സ്ഥാപനം | അടച്ച തുക | ലഭ്യമായ മരുന്നിന്റെ വിവരം | ലഭിക്കാൻ ബാക്കിയുള്ളത് |
|---|---|---|---|---|---|
| 1 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) എം.ജി.എസ് പഞ്ചായത്ത് ഡിസ്പൻസറിയിലേക്ക് മരുന്നുവാങ്ങൾ (പ്രോജക്റ്റ് നം.S0049/18) | KMSCL- കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി , അടൂർ | 100000 | 49267 | 50733 |
| 2 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) പാലിയേറ്റീവ് കെയർ പ്രോഗ്രാം (പ്രോജക്റ്റ് നം.S01067/18) | KMSCL- കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി , അടൂർ | 417800 | - | 417800 |
| 3 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) പി.എച്ച്.സി.യ്ക്ക് മരുന്നുവാങ്ങൽ (പ്രോജക്റ്റ് നം.S0068/18) | KMSCL- കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി , അടൂർ | 175000 | 150414 | 24586 |

മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കാൻ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-15 പൊതുടാപ്പുകളുടെ വെള്ളക്കരം- ഗ്രാമപഞ്ചായത്ത് തനത് ഫണ്ട് ദുർവ്യയം ചെയ്യുന്നു

ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് ചോർത്തുന്ന ഒരു പ്രധാന ഇനമാണ് പൊതുടാപ്പുകളുടെ വെള്ളക്കരം. 211 പൊതുടാപ്പുകൾക്ക് പ്രതിമാസം 92313 രൂപയാണ് ഈ ഇനത്തിൽ ചെലവ്.

പ്രസ്തുത ഇനത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചത് പന്ത്രണ്ട് ലക്ഷത്തോളം രൂപയാണ്. വെള്ളക്കരം ഒടുക്കുന്നതിന് പഞ്ചായത്ത് വൻതുകയാണ് വർഷംതോറും ചെലവഴിക്കുന്നതെങ്കിലും ആയതിന് ആനുപാതികമായ പ്രയോജനം പൊതുജനങ്ങൾക്ക് ലഭിക്കുന്നുണ്ടോയെന്നുള്ളത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും പരിശോധിക്കുന്നില്ല.

വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം നിജപ്പെടുത്താൻ വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് ഭരണസമിതി അംഗങ്ങൾ അറിയിച്ചുവെങ്കിലും 2017-18 വർഷവും പരിശോധന നടത്തിയിട്ടില്ല. ആയതിനാൽ പ്രവർത്തന ക്ഷമമായ ടാപ്പുകൾക്കാണ് പഞ്ചായത്ത് വെള്ളക്കരം ഒടുക്കുന്നതെന്ന് ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. വർഷങ്ങളായി ഗ്രാമപഞ്ചായത്ത് 211ടാപ്പുകളുടെ വെള്ളക്കരമാണ് അടവാക്കി വരുന്നത്. പ്രവർത്തിക്കുന്ന ടാപ്പുകൾ വിരലിലെണ്ണാവുന്നത് മാത്രമാണുള്ളതെന്നാണ് ഭരണസമിതി അംഗങ്ങൾ അറിയിച്ചത്. പ്രസ്തുത സാഹചര്യത്തിൽ അടിയന്തിരമായി സംയുക്ത പരിശോധന നടത്തുകയോ അല്ലാത്ത പക്ഷം പദ്ധതി രൂപീകരിച്ച് വാട്ടർ അതോറിറ്റിയിൽ തുക

ഡെപ്പോസിറ്റ് ചെയ്ത് ടാപ്പുകൾ പൂർണ്ണമായും നീക്കം ചെയ്യുകയോ ചെയ്യേണ്ടതാണ്. തുടർന്ന ടാപ്പുകൾ ആവശ്യമായ കുടുബങ്ങൾക്ക് ഗാർഹിക കണക്ഷൻ നൽകുന്നതിനായി പ്രോജക്ട് ഏറ്റെടുക്കുകയോ ചെയ്യാവുന്നതാണ്. ഓഡിറ്റിന്റെ ടി നിർദ്ദേശം വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും പരിഗണനക്കായി നിർദ്ദേശിക്കുന്നു.

## 3-16 എഗ്രിമെന്റ് വെച്ച് പൂർത്തീകരിക്കാത്ത പ്രവൃത്തികൾ

മുൻവർഷങ്ങളിൽ എഗ്രിമെന്റ് വെച്ച പല മരാമത്തുപ്രവൃത്തികളും നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. എഗ്രിമെന്റ് വെച്ചിട്ടും നിർവ്വഹിക്കാതിരുന്ന പ്രവൃത്തികളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തി | കൺവീനർ/ കരാറുകാരൻ | എഗ്രിമെന്റ് നം./തീയതി |
|---|---|---|---|
| 1 | SO.10/17- കടമ്മനിട്ട ഗവ.ഹയർ സെക്കണ്ടറി സ്കൂളിൽ പൈക്ക ഫണ്ട് ഉപയോഗിച്ച് കളിസ്ഥല നിർമ്മാണം. | ജിനി രതീഷ് | 30.1.16 |
| 2 | SO.13/17- മാട്ടുമേച്ചിൽ സെറ്റിൽമെന്റ് കോളനി സംരക്ഷണഭിത്തി നിർമ്മാണം. | സജീവ്, മാട്ടുമേച്ചിൽ | 6.2.15 |
| 3 | S.101/17- മാണിക്കുളം വഴിത്താനം കല്ലേലി നടപ്പാത കോൺക്രീറ്റിംഗ്. | സുജിതാ സുരേന്ദ്രൻ, വഴിത്താനത്ത് | 7.3.17 |
| 4 | S.135/17- കിഴവറപ്പടി കാലായിപ്പടി റോഡ് സംരക്ഷണഭിത്തി. | രാജേന്ദ്രൻനായർ, കിഴവറ മേലേതിൽ | 7.3.17 |
| 5 | S.151/17- കടമ്മനിട്ട മാർക്കറ്റിൽ വയോജന വിശ്രമകേന്ദ്രം സ്ഥാപിക്കൽ. | വിജയൻ ആചാരി, പൂവത്തുംതടത്തിൽ | 28.3.17 |
| 6 | വടക്കത്തറപ്പടി കല്ലേലിമുക്ക് റോഡ് റീടാറിംഗ് | അജിമോൻ.കെ | 18.11.17 |
| 7 | നിരന്നകാലാ മുതുമരത്തിൽ റോഡ് കോൺക്രീറ്റിംഗും മെയിന്റനൻസും. | അനിൽ.വി.വർഗീസ് | 3.10.17 |
| 8 | നെടുഞ്ചേരി ഇളവരത്തി റോഡ് കോൺക്രീറ്റിംഗും | അജിമോൻ.കെ | 14.8.17 |
| 9 | വള്ളിക്കാലാ ജീരകത്തിനാൽ റോഡിൽ കലുങ്ക് നിർമ്മാണവും സംരക്ഷണഭിത്തി നിർമ്മാണവും. | കെ.കെ.വിജയൻ | 20.3.18 |

| | | | |
|---|---|---|---|
| 10 | ഞാലിപറമ്പിൽ പടി തേക്കിടയിൽ പടി നിരന്നകാലാപടി റോഡ് കോൺക്രീറ്റിംഗ് | അജിമോൻ.കെ | 31.3.18 |
| 11 | അയ്യങ്കാളി കോളനി കുളഞ്ഞൂർ പടി റോഡ് കോൺക്രീറ്റിംഗ് | കെ.കെ.വിജയൻ | 14.2.18 |
| 12 | ചീനിക്കാലാ തെക്കേൽപടി റോഡ് കോൺക്രീറ്റിംഗ് | അജിമോൻ.കെ | 20.9.17 |
| 13 | തോന്ന്യാമല മാർത്തോമ്മാ പള്ളിപ്പടി ചക്കുപാറ അംബദ്കർ കോളനി റോഡ് കോൺക്രീറ്റിംഗ് | അനീഷ് സക്കറിയ | 18.11.17 |
| 14 | അയ്യൻകാളി കോളനി കുളഞ്ഞൂർ പടി റോഡ് സംരക്ഷണഭിത്തി | കെ.കെ.വിജയൻ | 14.2.18 |
| 15 | കന്നിട്ടംകുഴി ഇളവരത്തി കാഞ്ഞിരപ്പാറ റോഡ് കോൺക്രീറ്റിംഗും സംരക്ഷണ ഭിത്തിയും | അജിമോൻ.കെ | 27.2.18 |
| 16 | പുത്തൻപുരപ്പടി കാട്ടുകാലാപടി റോഡ് കോൺക്രീറ്റിംഗ് | കെ.കെ.വിജയൻ | 20.3.18 |
| 17 | കാഞ്ഞാണിക്കാലായിൽ മട്ടുക്കക്കുന്ന് റോഡ് സംരക്ഷണഭിത്തി നിർമ്മാണം | എബ്രഹാം തോമസ് | 13.3.18 |
| 18 | തോന്ന്യാമല മാർത്തോമ്മാ പള്ളിപ്പടി ചക്കുപാറ കോളനി റോഡ് എഴിപ്പുരപ്പടി കലുങ്ക് നവീകരണവും റോഡ് മെയിന്റനൻസും. | അജിമോൻ.കെ | 31.3.18 |
| 19 | മൃഗാശുപത്രി ടോയിലറ്റ് നിർമ്മാണം | അജിമോൻ.കെ | 31.3.18 |
| 20 | കല്ലേലി ജംഗ്ഷൻ കുഴിക്കാലാ റോഡിൽ സംരക്ഷണഭിത്തി നിർമ്മാണവും ഡ്രെയിനേജും. | അജിമോൻ.കെ | 18.11.17 |
| 21 | കന്നിട്ടംകുഴി ചേന്നൻചിറ പൂതക്കുഴി റോഡ് | അജിമോൻ.കെ | 27.2.18 |

| | | | |
|---|---|---|---|
| | സംരക്ഷണഭിത്തി | | |
| 22 | മൃഗാശുപത്രി കെട്ടിടം പുനരുദ്ധാരണം | അജിമോൻ.കെ | 31.3.18 |

എഗ്രിമെന്റിൽ പൂർത്തീകരണകാലാവധി കൃത്യമായി രേഖപ്പെടുത്താത്തതും, കൺവീനർക്ക്/ കരാറുകാർക്ക് നോട്ടീസ് നൽകാത്തതും, കാലതാമസത്തിന് ഫൈൻ ഈടാക്കാത്തതുമെല്ലാം പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാതിരിക്കാൻ കാരണമാകുന്നു എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു. ആയതിനാൽ നടപടിക്രമങ്ങൾ യഥാസമയം കൃത്യമായി പാലിക്കുന്നതിനും, എഗ്രിമെന്റിൽ പൂർത്തീകരണകാലാവധി കൃത്യമായി രേഖപ്പെടുത്തുന്നതിനും, കാലതാമസത്തിന് ഫൈൻ ഈടാക്കുന്നതിനും, മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിനും അസി.എഞ്ചിനീയർ ശ്രദ്ധിക്കേണ്ടതാണ്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും ഭരണസമിതിയും ഈ വിഷയത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്. മേൽ പറഞ്ഞ പ്രവൃത്തികളെ സംബന്ധിച്ച തുടർനടപടികളുടെ വിവരങ്ങളും പൂർത്തീകരണ വിവരങ്ങളും ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 3-17 ഡെപ്പോസിറ്റ് പ്രവൃത്തികൾ - വാട്ടർ അതോറിറ്റിയിൽ തുക അവശേഷിക്കുന്നു.

വിവിധ എസ്.സി കോളനികളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾക്കായി 2017-18 സാമ്പത്തിക വർഷത്തിൽ അസ്സിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 350000 രൂപ കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിരുന്നു.വാട്ടർ അതോറിറ്റി (പത്തനംതിട്ട ഡിവിഷൻ) എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 02-06-2018-ലെ DB 1-1900-17 -ാം നമ്പർ വിനിയോഗ സാക്ഷ്യപത്ര പ്രകാരം 311932 രൂപ വിനിയോഗിച്ച് ടി പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്ന് അറിയിച്ചിട്ടുണ്ട്. ഇത് പ്രകാരം 38068 രൂപ വാട്ടർ അതോറിറ്റിയിൽ അവശേഷിക്കുന്നു. വാട്ടർ അതോറിറ്റിയിൽ അവശേഷിക്കുന്ന തുക അടിയന്തിരമായി തിരികെ ഈടാക്കുകയോ അല്ലാത്തപക്ഷം 2017-18 വർഷത്തെ പ്രവൃത്തികളിൽ ടി തുക ക്രമീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 3-18 46 ശതമാനം പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പാക്കിയിട്ടില്ല- ചെലവുശതമാനം 48മാത്രം

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷം 19091266രൂപ വകയിരുത്തി 92 പ്രോജക്ടുകൾ ആവിഷ്കരിച്ച് അംഗീകാരം വാങ്ങിയതിൽ 13പ്രവൃത്തികൾ സ്പിൽ ഓവറും 79പ്രവൃത്തികൾ തൻ വർഷം ഏറ്റെടുത്ത പുതിയ പ്രവൃത്തികളുമാണ്. ഏറ്റെടുത്ത പ്രവൃത്തികളിൽ 49 എണ്ണം മാത്രമേ പൂർത്തീകരിച്ച് തുക ചെലവഴിച്ചിട്ടുള്ളു. 2 സ്പിൽ ഓവർ പ്രവൃത്തികളും 41 പുതിയ പ്രവൃത്തികളും തൻ വർഷം നടപ്പാക്കിയിട്ടില്ല. 2017 ഡിസംബർ മാസം വരെ 10പ്രവൃത്തികളും, 2018 ജനുവരിയിൽ 6പ്രവൃത്തികളും, ഫെബ്രുവരിയിൽ 16പ്രവൃത്തികളും, മാർച്ച് മാസത്തിൽ 17പ്രവൃത്തികളും നടപ്പിലാക്കി 9176222രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവ് 48% മാത്രമാണ്. നടപ്പാക്കിയ 6പ്രവൃത്തികളുടെ ബിൽ ട്രഷറിയിൽ മാർച്ച് 31 ന് സമർപ്പിച്ചുവെങ്കിലും ക്യൂ-ലിസ്റ്റിലായി. പദ്ധതി വർഷത്തിന്റെ അവസാന മാസത്തിലാണ് കൂടുതൽ പ്രവൃത്തികളും നിർവ്വഹിച്ചിട്ടുള്ളത്. സാങ്കേതിക വിഭാഗത്തിൽ ഒരു അസി. എഞ്ചിനിയറും രണ്ട് താൽക്കാലിക ഓവർസിയർമാരും മാത്രമായിരുന്നു ഉണ്ടായിരുന്നത്. ഇപ്രകാരമുള്ള സാഹചര്യത്തിൽ, പദ്ധതി നിർവ്വഹണം കൂടുതൽ നടന്ന മാർച്ച് മാസത്തിൽ പ്രവൃത്തികളുടെ വിവിധ ഘട്ടങ്ങളിലുള്ള മേൽനോട്ടത്തെ സാരമായി ബാധിച്ചിട്ടുണ്ടെന്നും ആയത് നിർവ്വഹണത്തിലെ സുതാര്യതയേയും ഗുണമേന്മയേയും ബാധിച്ചിട്ടുണ്ടെന്നും ഓഡിറ്റ് വിലയിരുത്തുന്നു. പശ്ചാത്തല മേഖലയിൽ ധാരാളം പ്രോജക്ടുകൾ ആവിഷ്കരിക്കുകയും ആയതിന്റെ 46ശതമാനത്തോളം നിർവ്വഹിക്കാൻ കഴിയാതെ വരികയും ചെയ്തത് പദ്ധതി നിർവ്വഹണത്തിലുണ്ടായ പാളിച്ചയാണ്. ഭാവിയിൽ പദ്ധതി പ്രവർത്തനം കാര്യക്ഷമമാക്കുവാൻ പ്രോജക്ടുകളുടെ ബാഹുല്യം കുറയ്ക്കുന്നതിനും കൃത്യമായി മോണിട്ടറിംഗ് നടത്തുന്നതിനും വർക്കിംഗ് ഗ്രൂപ്പും വികസന സ്റ്റാന്റിംഗ് കമ്മിറ്റിയും വേണ്ടത്ര ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-19 മരാമത്ത് പ്രവൃത്തികൾ ഗുണമേന്മാ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എൽ.എസ്.ജി.ഡി വിഭാഗം മുഖേന നിർവ്വഹിക്കുന്ന മരാമത്ത് പ്രവൃത്തികൾ ഒരു ഘട്ടത്തിൽ പോലും ഗുണമേന്മാ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല എന്നത് പ്രവൃത്തിയുടെ നിർവ്വഹണത്തിലെ ഗുരുതരമായ ഒരു പോരായ്മയാണ്. കേരള പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ - 2103 പ്രകാരം ഓരോ പ്രവൃത്തിയും കൃത്യമായ സ്പെസിഫിക്കേഷൻ അനുസരിച്ചാണോ നിർവ്വഹിക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. ആയതിന് ഫലപ്രദമായ സൂപ്പർവിഷൻ നിർബന്ധമാക്കേണ്ടതും, പ്രവൃത്തിയുടെ ഗുണനിലവാരം

പരിശോധനാ വിധേയമാക്കേണ്ടതുമാണ്. ഗുണ പരിശോധനാ ടെസ്റ്റുകളുടെ ലിസ്റ്റ് മുൻകൂട്ടി തയ്യാറാക്കി ടെണ്ടർ രേഖകളോടൊപ്പം ഉൾപ്പെടുത്തേണ്ടതും, ടെസ്റ്റ് റിപ്പോർട്ടുകൾ ഫൈനൽ ബില്ലിനോടൊപ്പം സമർപ്പിക്കേണ്ടതുമാണെന്ന് മാന്വലിൽ നിഷ്കർഷിച്ചിരിക്കുന്നു. മാന്വലിലെ ക്ലോസ് - 2401, 2406 എന്നിവ പ്രകാരം '3–Tier Quality Monitoring System' സർക്കാർ പൊതുമരാമത്ത് വകുപ്പിൽ നിർബന്ധമാക്കിയിട്ടുണ്ട്. GO(Rt) 469/2013/PWD/ തീയതി 30-03-2013-ാം നമ്പർ ഉത്തരവ് പ്രകാരം പി.ഡബ്ല്യൂ.ഡി.യിൽ ക്വാളിറ്റി കൺട്രോൾ സിസ്റ്റം നടപ്പാക്കിയിട്ടുണ്ട്. എൽ.എസ്.ജി.ഡി മുഖേനയുള്ള പ്രവൃത്തികൾക്കും ക്വാളിറ്റി കൺട്രോൾ ടെസ്റ്റ് നടത്തേണ്ടതാണെന്ന് സർക്കാരിന്റെ നിർദ്ദേശം ഉണ്ടായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെയും മാന്വലിന്റെയും അടിസ്ഥാനത്തിൽ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനാവശ്യമായ ലാബ് ടെസ്റ്റുകൾ, മറ്റ് പരിശോധനകൾ എന്നിവയ്ക്കാവശ്യമായ ചെലവുകൾ കരാറുകാർ തന്നെ വഹിക്കേണ്ടതാണെന്ന് കരാർ ഉടമ്പടിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ തൻ വർഷം നടപ്പാക്കിയ ഒറ്റ പ്രവൃത്തിയുടെ ഫയലിൽ പോലും പരിശോധന നടത്തിയതിന്റെ രേഖകൾ ഉൾപ്പെടുത്തിയിട്ടില്ല. പൊതുമരാമത്ത് വകുപ്പിൽ ഗുണനിലവാര പരിശോധനയ്ക്ക് പ്രത്യേകം ലാബ് സൗകര്യങ്ങളും ഉപകരണങ്ങളും പ്രവർത്തന സജ്ജമായിട്ടും എൽ.എസ്.ജി.ഡി വിഭാഗം ഈ വിഷയത്തിൽ യാതൊരു താൽപ്പര്യവും കാണിക്കുന്നില്ല. പരിശോധനയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ ജില്ലാ പഞ്ചായത്തിൽ വാങ്ങി സൂക്ഷിച്ചിട്ടുണ്ടെങ്കിലും പ്രവർത്തന സജ്ജമാക്കിയിട്ടില്ലെന്നുള്ള കാര്യം ശ്രദ്ധേയമാണ്. വികസന സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിന്മേൽ ചർച്ച നടത്തി വേണ്ട നിർദ്ദേശങ്ങൾ ഭരണ സമിതിക്ക് മുമ്പാകെ സമർപ്പിച്ചിട്ടില്ലാത്തത് മേൽനോട്ട ചുമതലയിലെ വീഴ്ചയാണ്. MORTH, MORD മുതലായ സ്പെസിഫിക്കേഷനുകൾ പ്രകാരമുള്ള ഉയർന്ന നിരക്കുകൾ മരാമത്ത് പ്രവൃത്തികൾക്ക് അനുവദിക്കുമ്പോൾ സ്പെസിഫിക്കേഷൻ പ്രകാരം പ്രവൃത്തികൾ നിർവ്വഹിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടത് അനിവാര്യമാണ്. സ്പെസിഫിക്കേഷനിൽ ഉൾപ്പെടുത്തിയിട്ടുള്ളതു പ്രകാരമുള്ള നിർമ്മാണ സാമഗ്രികൾ ജില്ലയിൽ ലഭ്യമല്ലാത്ത സാഹചര്യത്തിൽ (പ്രത്യേകിച്ചും നിശ്ചിത അനുപാതത്തിലും അളവിലുമുള്ള മെറ്റൽ) ഇത്തരം സാധനങ്ങൾ ഉപയോഗിച്ചുവെന്ന് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി ഉയർന്ന നിരക്കിൽ പ്രതിഫലം കൈപ്പറ്റുന്നതായി വ്യക്തമാണ്. പൊതുപണം ദുർവ്യയം ചെയ്യപ്പെടുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിന് ഗുണ നിലവാര പരിശോധന കർശനമായി നടത്തേണ്ടതുണ്ട്. തദ്ദേശ സ്ഥാപനത്തിലെ ഭരണസമിതിയുടെയും, ബഹു. സർക്കാരിന്റെയും ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 3-20 <u>കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കിയില്ല – റോഡുകളുടെ മുഴുവൻ നീളവും പുനരുദ്ധരിക്കുന്നതിന് പദ്ധതി നടപ്പിലാക്കുന്നില്ല</u>

പുനരുദ്ധാരണം ആവശ്യമായ റോഡുകളുടെ മുഴുവൻ നീളത്തിനും എസ്റ്റിമേറ്റ് തയ്യാറാക്കാതെ റോഡുകളെ ചെറിയ ഭാഗങ്ങളായി വിഭജിച്ച് പ്രോജക്ട് തയ്യാറാക്കുന്ന രീതിയാണ് ഇപ്പോഴും നിലനിൽക്കുന്നത്. വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വച്ച് ചെറിയ അടങ്കൽ തുകയുള്ള അസംഖ്യം റോഡ് നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനാൽ ഒരു റോഡു പോലും പൂർണ്ണമായി ഗതാഗത യോഗ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് കഴിയുന്നില്ല. ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് റോഡ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് അപൂർണ്ണമായി തയ്യാറാക്കുന്ന രീതി അഭിലഷണീയമല്ല. ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും, റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കണമെന്നും കണക്ടിവിറ്റി പ്ലാനിന്റെ അടിസ്ഥാനത്തിൽ മുൻഗണനാ ക്രമത്തിൽ റോഡുകൾ പൂർണ്ണമായും ഗതാഗത യോഗ്യമാക്കുന്നതിന് പ്രോജക്ടുകൾ ആവിഷ്കരിക്കണമെന്നുമുള്ള പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശം പഞ്ചായത്ത് അവഗണിച്ചു. മുൻവർഷ ഓഡിറ്റുകളിലെല്ലാം തന്നെ പ്രസ്തുത അപാകത ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ് എങ്കിലും ഇപ്പോഴും പ്രസ്തുത അപാകത പരിഹരിക്കുന്നതിന് ഭരണസമിതിയോ സ്റ്റാന്റിംഗ് കമ്മറ്റികളോ ആത്മാർത്ഥത കാണിച്ചിട്ടില്ല.

ഗതാഗത മേഖലയിൽ ചെറിയ അടങ്കൽ തുകയുള്ള പ്രോജക്ടുകൾ ആവിഷ്കരിച്ചതിലൂടെ ഭൂരിപക്ഷം പ്രോജക്ടുകളുടെയും അടങ്കൽ 5 ലക്ഷത്തിൽ താഴെയാകുകയും ഇവ ഇ-ടെണ്ടറിന്റെ പരിധിയിൽനിന്നും ഒഴിവാകുകയും ചെയ്തു. ഓഡിറ്റ് വർഷം കേവലം 4 പ്രവൃത്തികൾ മാത്രമാണ് ഇ-

ടെണ്ടർ ചെയ്തിട്ടുള്ളത്. പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്ത് സുതാര്യമായി നടപ്പിലാക്കിയാൽ ടെണ്ടർ സേവിംഗ്സ് ഇനത്തിൽ ഗണ്യമായ തുക പഞ്ചായത്തിന് ലാഭിക്കാം എന്ന വസ്തുത പഞ്ചായത്ത് ഭരണസമിതി ഗൗരവപൂർവ്വം കണക്കിലെടുക്കേണ്ടതാണ്.

റോഡ് കണക്ടിവിറ്റി പദ്ധതി തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിൽ മാത്രം ഗതാഗത മേഖലയിലെ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-21 ഗുണഭോക്തൃസമിതി മുഖേന നിർവ്വഹിക്കുന്ന പ്രവൃത്തികളുടെ ഫയലിൽ അപാകതകൾ തുടരുന്നു

പൊതുമരാമത്ത് പണി നടത്തിപ്പ് ചട്ടങ്ങളിലെ ചട്ടം-13(6) പ്രകാരം, പൊതുമരാമത്ത് പണിക്കുപയോഗിക്കുന്ന സാധനങ്ങളുടെ തരവും, അളവും, വിലയും തൊഴിലാളികളുടെ എണ്ണവും, കൂലിയും മറ്റു ബന്ധപ്പെട്ട കണക്കുകളും ഗുണഭോക്തൃ സമിതിയുടെ കൺവീനർ എഴുതി സൂക്ഷിക്കേണ്ടതും പണി പൂർത്തിയാക്കുന്ന മുറയ്ക്ക് നിർവ്വഹണഉദ്യോഗസ്ഥനെ ഏൽപ്പിക്കേണ്ടതുമാണ്. ഗുണഭോക്തൃസമിതി കൺവീനർമാർ വർക്ക് ബില്ലുകൾ സമർപ്പിക്കുമ്പോൾ പ്രവൃത്തിക്ക് ഉപയോഗിച്ച എല്ലാ സാധന സാമഗ്രികളുടെയും കാഷ് ബില്ലിൽ അസി.എഞ്ചിനീയർ നിർബന്ധമായും സർട്ടിഫൈ ചെയ്യേണ്ടതും, ബന്ധപ്പെട്ട അസി. എക്സി. എഞ്ചിനീയർ മേലൊപ്പിടേണ്ടതുമാണ് എന്ന് 13.03.13-ലെ എൽ.എസ്.ജി.ഡി. എക്സി.എഞ്ചിനീയറുടെ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിരുന്നു. മസ്റ്റർ റോളിൽ കൺവീനർ ഒപ്പിടേണ്ടതും, അസി.എഞ്ചിനീയറും, അസി.എക്സി.എഞ്ചിനീയറും മേലൊപ്പിടേണ്ടതും, എല്ലാ കാഷ് ബില്ലിലും കൺവീനർ 'Paid by me' എന്ന് എഴുതി ഒപ്പിടേണ്ടതുമാണ്. അപ്രകാരമല്ലാതെ സമർപ്പിക്കുന്ന ബില്ലുകളുടെ ഉത്തരവാദിത്വം അസി.എഞ്ചിനീയർ, അസി.എക്സി.എഞ്ചിനീയർ എന്നിവർക്കായിരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ, ചട്ടം 13-ൽ ഗുണഭോക്തൃസമിതി മുഖേന പണികൾ നടത്തുന്നതിനായുള്ള നടപടി ക്രമങ്ങൾ വ്യക്തമായി വിവരിച്ചിട്ടുണ്ട്. മാത്രവുമല്ല, 04.03.13-ലെ തദ്ദേശഭരണ വകുപ്പിന്റെ സർക്കുലർ നം.1047/ഡി.എ.1/13/തസ്വഭവ പ്രകാരം ഗുണഭോക്തൃസമിതികൾ പൊതുമരാമത്ത് പ്രവൃത്തികൾ നടത്തുമ്പോൾ ഇതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് രാജ് ആക്ടിലെ വ്യവസ്ഥകൾ കർശനമായും പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തണമെന്ന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ 13.03.13-ലെ സർക്കുലർ നം. HD/EE/LSGD/12/13-പ്രകാരം ടി വിഷയം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ അസി. എഞ്ചിനീയർമാർക്കും നൽകുകയും ചെയ്തിരുന്നു.

എന്നാൽ, ഗ്രാമപഞ്ചായത്തിൽ മരാമത്തുപ്രവൃത്തികളുടെ നിർവ്വഹണത്തിൽ മേൽപറഞ്ഞ നിർദ്ദേശങ്ങൾ ഇപ്പോഴും പാലിക്കുന്നില്ല. മുൻവർഷ റിപ്പോർട്ടുകളിലും ഈ വിഷയം ശ്രദ്ധയിൽ പെടുത്തിയിട്ടുള്ളതാണെങ്കിലും ഇപ്പോഴും പ്രസ്തുത അപാകതകൾ തുടരുന്നത് ശരിയായ നടപടിയല്ല. ഓഡിറ്റ് നിർദ്ദേശങ്ങൾ ഭാവിയിൽ കർശനമായി പാലിക്കുന്നതാണെന്ന് ഓഡിറ്റ് റിപ്പോർട്ടുകൾക്കുള്ള മറുപടിയിൽ അസി.എഞ്ചിനീയർ അറിയിച്ചിരുന്നുവെങ്കിലും ഇപ്പോഴും ആയത് പാലിക്കാതിരിക്കുന്നത് ഓഡിറ്റിനോടുള്ള സമീപനം വ്യക്തമാക്കുന്നു. വൗച്ചറുകൾ, മസ്റ്റർറോൾ എന്നിവ ഉൾപ്പെടുത്താത്ത പ്രവൃത്തികളുടെ ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| പ്രവൃത്തി | കൺവീനർ | അപാകത |
|---|---|---|
| S.124/17(SO.16 /18)-ആയുർവ്വേദാശുപത്രി അറ്റകുറ്റപ്പണി | ശ്രീ.അജയരാജ്, രാജ്നിവാസ് | കാഷ് ബില്ലുകൾ, വൗച്ചറുകൾ, മസ്റ്റർറോൾ, ഗുണഭോക്തൃസമിതിയുടെ മിനിറ്റ്സ് എന്നിവയില്ല. |
| S.121/17(SO.13 /18)-തറഭാഗം അംഗൻവാടി മെയിന്റനൻസ് | ശ്രീമതി ലതിക.പി.ജി, മൃദുൽനിവാസ് | റൂഫിംഗ് പ്രവൃത്തി ചെയ്തതിന് മോഡേൺ എഞ്ചിനീയറിംഗ് വർക്ക്സ് എന്ന സ്ഥാപനത്തിന് 78000രൂപ നൽകിയതിന്റെ കൈപ്പറ്റരേഖ മാത്രമേയുള്ളു. ബാക്കി ബില്ലുകളോ, വൗച്ചറുകളോ, മസ്റ്റർറോളോ ഇല്ല. |

| | | |
|---|---|---|
| | | |
| S.107/17(SO.09 /18)-ഐക്കുഴപ്പടി-പുത്തൻപറമ്പിൽ പടി റോഡ് സംരക്ഷണഭിത്തി നിർമ്മാണം | ശ്രീ.പി.ജി.കുര്യൻ, പൊയ്യാനിൽ | എം.സാന്റ്, കല്ല്, മെറ്റൽ എന്നിവ സപ്ലൈ ചെയ്യതിന്റെ വൗച്ചറുകളില്ല. സമിതി ഒരിക്കൽ മാത്രമേ കൂടിയിട്ടുള്ളൂ. വരവ്വ ചെലവ്വ കണക്കുകൾ അവതരിപ്പിച്ച് പാസ്സാക്കിയിട്ടില്ല. |
| S.93/17(SO.08 /18)-കുടിലുകുഴി എം.ആർ.ഡി.സി റോഡ് സംരക്ഷണഭിത്തി നിർമ്മാണം | ശ്രീ.പി.ഡി.വർഗീസ്, പ്ലാക്കൽ | കാഷ് ബില്ലുകൾ, വൗച്ചറുകൾ, മസ്റ്റർറോൾ എന്നിവയില്ല. സമിതി ഒരിക്കൽ മാത്രമേ കൂടിയിട്ടുള്ളൂ. വരവ്വ ചെലവ്വ കണക്കുകൾ അവതരിപ്പിച്ച് പാസ്സാക്കിയിട്ടില്ല. |

നിർമ്മാണസാമഗ്രികൾ വാങ്ങിയതിന്റെ യഥാർത്ഥ കാഷ്ബില്ലുകൾ ഫയലിനോടൊപ്പം സൂക്ഷിക്കേണ്ടതാണ്. വ്യാജമസ്റ്റർ റോൾ, വ്യാജബില്ലുകൾ എന്നിവ ഫയലിനോടൊപ്പം ഹാജരാക്കുന്നത് IPC Section 415, 420 എന്നിവ പ്രകാരം ക്രിമിനൽ കുറ്റമാണ്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ അസിസ്റ്റന്റ് എഞ്ചിനീയറും ഭരണസമിതിയും അടിയന്തിര ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 3-22 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി- റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്ക് മെറ്റീരിയൽസ് വാങ്ങൽ- ടെണ്ടർ നടപടികളിലെ അപാകതകൾ

മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിലെ റോഡ് കോൺക്രീറ്റിംഗ്പ്രവൃത്തികൾക്ക് മെറ്റീരിയൽസ് സപ്ലൈ ചെയ്യുന്നതിന് 10.7.17-ൽ ദിനപ്പത്രത്തിൽ ടെണ്ടർ നോട്ടീസ് പരസ്യപ്പെടുത്തിയതായും, ലഭിച്ച ടെണ്ടറുകളിൽ 'എസ്റ്റിമേറ്റ് നിരക്ക് ' ക്വോട്ട് ചെയ്ത ശ്രീ.മധുസൂദനൻ.പി എന്നയാളിന്റെ ടെണ്ടർ സ്വീകരിച്ചതായും 22.9.17-ലെ പഞ്ചായത്തുകമ്മറ്റിയുടെ 3(2)-ാം നമ്പർ തീരുമാനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ, 10.7.17-ലെ ടെണ്ടർ നോട്ടീസ് പ്രകാരം രണ്ട് ടെണ്ടറുകൾ ലഭിച്ചിരുന്നതായും, ഇതിൽ ശ്രീ.മധുസൂദനൻ ക്വോട്ട് ചെയ്തിരുന്നത് '0.5%above' ആയിരുന്നുവെന്നും കാണുന്നു. പ്രസ്തുത ടെണ്ടറുകൾ അംഗീകരിച്ചതായി ബഹു.പ്രസിഡന്റ് ടെണ്ടർ ഫോറത്തിൽ രേഖപ്പെടുത്തുകയും ചെയ്തിരുന്നു. എന്നാൽ, 17.8.17-ൽ റീ-ടെണ്ടർ നടത്തിയതായും, 18.8.17-ൽ ഇതിനായി പത്രപ്പരസ്യം നൽകിയതായും രേഖകളുണ്ട്. റീ-ടെണ്ടറിൽ ശ്രീ.മധുസൂദനന്റെ '1% above' എന്ന നിരക്ക് രേഖപ്പെടുത്തിയ ഒരു ടെണ്ടർ മാത്രമാണ് ഫയലിലുള്ളത്. ആദ്യ ടെണ്ടറിൽ, ആലുങ്കൽ-വളഞ്ഞിലേത്ത് പടി-മലയിൽ പടി റോഡ് കോൺക്രീറ്റിംഗ് എന്ന പ്രവൃത്തിയ്ക്ക് ശ്രീ.രഞ്ജിത് കുമാർ.ആർ എന്നയാൾ '0.2% above' എന്ന നിരക്കും, പ്രസന്നപ്പടി-തെക്കോത്തിൽ റോഡ് കോൺക്രീറ്റിംഗ് എന്ന പ്രവൃത്തിയ്ക്ക് ശ്രീ.സജി എബ്രഹാം എന്നയാൾ '0.2% above' എന്ന നിരക്കും ക്വോട്ട് ചെയ്തിരുന്നുവെങ്കിലും പ്രസ്തുത രേഖപ്പെടുത്തൽ 'വൈറ്റ് ഇൻക് ' ഉപയോഗിച്ച് തിരുത്തി '2% above' എന്നാക്കി മാറ്റിയതായി ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ടു.

ആദ്യ ടെണ്ടറിൽ ശ്രീ.മധുസൂദനൻ ക്വോട്ട് ചെയ്തിരുന്നത് '0.5%above' എന്ന നിരക്ക് ആയിരുന്നിട്ടും

കമ്മറ്റിത്തീരുമാനത്തിൽ 'എസ്റ്റിമേറ്റ് നിരക്ക് ' എന്ന് രേഖപ്പെടുത്തിയതിനും, മേൽപറഞ്ഞ രണ്ട് പ്രവൃത്തികളിൽ ടെണ്ടർ സമർപ്പിച്ച മറ്റ് രണ്ട് പേരുടെ നിരക്കിൽ തിരുത്തൽ വരുത്തിയതിനും, റീ-ടെണ്ടർ നടത്തിയതിനും വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.17/8.10.18) മറുപടിയായി, ടെണ്ടറുകൾ സമർപ്പിച്ച സമയത്തുതന്നെ അതിൽ തിരുത്തലുകൾ ഉണ്ടായിരുന്നതായും അതിനാലാണ് അവ നിരസിച്ചതെന്നും, റീ-ടെണ്ടർ ചെയ്യുന്നതിന് പഞ്ചായത്ത് കമ്മറ്റി 26.7.17-ൽ തീരുമാനിച്ചതനുസരിച്ചാണ് റീ-ടെണ്ടർ നടത്തിയതെന്നും, അതിൽ '1% above' എന്ന നിരക്ക് മധുസൂദനൻ ക്വോട്ട് ചെയ്തിരുന്നതായും, ടിയാനുമായി നെഗോഷ്യേറ്റ് ചെയ്ത് എസ്റ്റിമേറ്റ് നിരക്കിലുള്ള തുകയാണ് നൽകിയതെന്നും സെക്രട്ടറി അറിയിച്ചു.

എന്നാൽ മിനിറ്റ്സിൽ ഇക്കാര്യം രേഖപ്പെടുത്താതിരുന്നതും, ടെണ്ടറിൽ തിരുത്തൽ ഉണ്ടായിരുന്ന കാര്യം ടെണ്ടർ ഓപ്പൺ ചെയ്ത വേളയിൽ ടെണ്ടർഫോമിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്താതിരുന്നതും ശരിയായ നടപടിയല്ല. ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ഇലന്തൂർ ബ്ളോക്ക് പഞ്ചായത്ത് | 215000 | സമഗ്ര നെൽകൃഷി വികസനം(ജനറൽ) | 215000 | - |
| | 300000 | സാന്ത്വന പരിചരണ പദ്ധതി | 300000 | - |
| | 150000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 150000 | - |

### 4-2 ഡെപ്പോസിറ്റ് പ്രവൃത്തിക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രോജക്ട് നം/ പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 61/18- കല്ലൂഴം എസ്.സി കോളനി പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ | 200000 | 311932 | 38068 |

| | | | |
|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 62/18-മാണിക്കുളം എസ്.സി കോളനി പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ | 150000 | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികളുടെ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക ഒന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇല്ല | | | | | | |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഓഡിറ്റ് വർഷം സ്ഥിരനിക്ഷേപമില്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുള്ളതും കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടതുമായ ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| | | 2014-15 | 7.5.2 | വെറ്ററിനറി സബ് സെന്ററിൽ ട്രവിസ് ഇല്ല | വെറ്ററിനറി സബ് സെന്ററിൽ നാളിതുവരെ ട്രവിസ് സ്ഥാപിച്ചിട്ടില്ല. |
| | | 2014-15 | 7.5.9 | വെറ്ററിനറി ഡിസ്പെൻസറിയിൽ മരുന്നില്ല | ഡിസ്പെൻസറിയിൽ മരുന്നു ലഭ്യമാക്കിയിട്ടുണ്ട് |

| | | | | | |
|---|---|---|---|---|---|

## **4-8** ഓഡിറ്റ് പ്രത്യവലോകനം

**(**എ**)** സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് [മുന്നിരിപ്പ് തുക ഉൾപ്പെടെ) റസീറ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം] | 47704151 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 41620105 |
| വരവിനങ്ങളില്ലുള്ള നഷ്ടം | 46573 |
| ചെലവിനങ്ങളില്ലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 4790 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 590085 |

**(**ബി**)** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1(2) | 19229 | | ശ്രീ. ഡി അനിൽകുമാർ, സെക്രട്ടറി |
| 2-1(3) | 27344 | | ശ്രീ. ഡി അനിൽകുമാർ, സെക്രട്ടറി |
| 3-11 | | 4790 | ശ്രീ. ഡി അനിൽകുമാർ, സെക്രട്ടറി |
| ആകെ | **46573** | **4790** | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 5000 | ശ്രീ. മുഹമ്മദ് ആസിഫ്, വി.ഇ.ഒ. |
| 3-2 | 199450 | ശ്രീ. ഡി അനിൽകുമാർ, സെക്രട്ടറി,ഗ്രാമപഞ്ചായത്ത് |
| 3-3 | 26825 | ശ്രീമതി. സജി എസ്,ഹെഡ്മിസ്ട്രസ് |
| 3-5 | 133600 | ശ്രീമതി. സരിതാ എസ്., അസി.എഞ്ചിനീയർ |
| 3-11 | 190210 | ശ്രീ. ഡി അനിൽകുമാർ,സെക്രട്ടറി,ഗ്രാമപഞ്ചായത്ത് |
| 3-12 | 35000 | ശ്രീ. ഡി അനിൽകുമാർ,സെക്രട്ടറി, ഗ്രാമപഞ്ചായത്ത് |
| ആകെ | **590085** | |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നഷ്ടമായ തുക |
|---|---|
| ഇല്ല | |

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക **2-1**

**(ഇ)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരംമേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ഡി അനിൽകുമാർ<br>സെക്രട്ടറി | സെക്രട്ടറി,<br>ഒറ്റൂർ ഗ്രാമപഞ്ചായത്ത് | എ.എൽ. കോട്ടേജ്, മുദുവാക്കൽ,<br>തിരുവനന്തപുരം 695103 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | റിപ്പോർട്ട് നമ്പർ/തീയതി | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97(വരവ്) | എൽ.എഫ്.പി.റ്റി.എ-പി 11/352/2008 തീയതി 29-04-2009 | മുഴുവൻ ഖണ്ഡികകളും |
| 1996-97(ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി 3/9/1998 തീയതി 09-10-2000/27-02-2001 | 2 |
| 1997-98 (ജ.ആ) | എൽ.എഫ്.പി.റ്റി.എ-പി 3/316/1999 തീയതി 10-01-2000 | 5 |
| 1997-98 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി 3/473/1998 തീയതി 04-02-1999 | 3 |
| 1998-99 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി 11/354/2008 തീയതി 29-04-2009 | 3 |

| | | |
|---|---|---|
| 1998-99 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി 3/778/99തീയതി 09-03-2000 | മുഴുവൻ ഖണ്ഡികകളും |
| 1999-00 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി 11/460/2009 തീയതി 16-03-2010 | 1 |
| 2000-01 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി3/353 /2002തീയതി 13-11-2002 | 17 |
| 2002-03 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി11/718/2009 തീയതി 20-03-2010 | 2 |
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി11/250/2008 തീയതി 31-12-2008 | 10 |
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി11/635 /2009തീയതി 27-02-2010 | 3 |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി.11/636/2009 തീയതി 27-02-2010 | 2 |
| 2006-07 | എൽ.എഫ്.പി.റ്റി.എ-പി.11/701/2009 തീയതി 03-05-2010 | 14 |
| 2007-08 | എൽ.എഫ്.പി.റ്റി.എ-പി11/750/09 തീയതി 13-04-2010 | 16 |
| 2010-11 & 2011-12 | എൽ.എഫ്.പി.റ്റി.എ-പി 12/967/2013 തീയതി 17-01-2014 | 5 |
| 2016-17 | **കെ.എസ്.എ.പി.റ്റി.എ പി12/ തീയതി.** | മുഴുവൻ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹബീബ് മുഹമ്മദ്
ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട

# 5 ഓഡിറ്റ് സർട്ടിഫിക്കറ്റ്

**അനുബന്ധം-1**

നം.കെ.എസ്.എ.പി.റ്റി.എ.പി.5/1376/18 തീയതി : 24.10.2018

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ നാരങ്ങാനം ഗ്രാമ പഞ്ചായത്തിന്റെ **2017-18**വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിലെ ഖണ്ഡിക **1-12**-ൽചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ നാരങ്ങാനം ഗ്രാമപഞ്ചായത്തിന്റെ **2017-18**ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട

No.K.S.A.PTA.P.5/1376/18 Dated : 24.10.18

**CERTIFICATE**

Certified that I have examined the Annual Financial Statement of **Naranganam Grama Panchayat** in Pathanamthitta District for the year ended on 31.03.2018 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Naranganam Gramma Panchayat** for the year 2017-18 except the obeservations in **Para 1-12** of my report properly presents the picture of income and expenditure.

**Habeeb Mohammed**

**Deputy Director**

**Kerala State Audit Department**

**Pathanamthitta**